# രക്ഷയുടെ പാതയിൽ

സീറോ മലബാർ സഭയുടെ
വിശ്വാസ പരിശീലന പാഠാവലി

**സ്റ്റാൻഡേർഡ് – 5**

# രക്ഷകനെ
# കാത്തിരുന്ന ജനം

## അദ്ധ്യാപക സഹായി

*Prepared by:*

**Syro - Malabar Catechetical Centre**
**Mount St. Thomas, Kakkanad, Kochi - 682 021**

*Title :*
**RASHAKANE KATHIRUNNA JANAM**
**(Malayalam)**

*Text Prepared by*
FR. JOSE PUTHIYEDATH

*Published by*
SYRO-MALABAR CATECHETICAL CENTRE
MOUNT ST. THOMAS, KAKKANAD, KOCHI- 30

*Distributed by*
SMCC, MOUNT ST. THOMAS
KAKKANAD, KOCI-30



# ആമുഖം

അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് വിശ്വാസപരിശീലനം നൽകുന്ന വ്യക്തിയാണ് നിങ്ങൾ. കേവലം പത്തു വയസ്സ് പ്രായമുള്ള മാലാഖക്കുഞ്ഞുങ്ങളാണല്ലോ നിങ്ങളുടെ മുമ്പിലിരിക്കുന്നത്. സത്യവിശ്വാസത്തിന്റെ ബാലപാഠങ്ങൾ അവർക്ക് പകരേണ്ട ചുമതലയാണ് നിങ്ങൾക്കുള്ളത്. അതു നന്നായി നിർവ്വഹിക്കാൻ നിങ്ങൾക്കു കഴിയുമോ?

ഒന്നോർത്തുനോക്കൂ. അഞ്ചാം ക്ലാസ്സിൽ വച്ച് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ സൺഡേ സ്ക്കൂളിൽനിന്ന് പഠിച്ചത്. അവിടെ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ എന്തൊക്കെയായിരുന്നു? അവ ഇന്നത്തെ കുട്ടികൾക്ക് നിങ്ങളും നൽകേണ്ടതല്ലേ? അക്കാലത്ത് നിങ്ങൾക്ക് ക്ലാസ്സിൽ നിന്ന് ലഭിച്ചിട്ടുള്ള സന്തോഷാനുഭവങ്ങൾ ഓർമ്മ യുണ്ടോ? അത്തരം അനുഭവങ്ങൾ ഇന്നത്തെ കുട്ടികൾക്കും ലഭിക്കേണ്ടേ?

ഇനി ചോദ്യമൊന്നു മറിച്ചാകാം. പഠിച്ചിരുന്ന കാലത്ത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കിയതും മതബോധനത്തിൽ താൽപര്യം കുറയ്ക്കുന്ന തുമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? അത്തരം അനുഭവങ്ങളൊന്നും നമ്മുടെ ക്ലാസ്സിലെ കുട്ടികൾക്ക് ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതല്ലേ?

മറ്റൊരു കാര്യവും കൂടി ഓർമ്മിപ്പിക്കട്ടെ. കാലം മാറുകയാണ്.

കുട്ടികളുടെ ജീവിതസാഹചര്യങ്ങളിലും താല്പര്യങ്ങളിലും പ്രവർത്തനങ്ങളിലുമൊക്കെ വലിയ മാറ്റങ്ങളുണ്ട്. അധ്യാപകരെന്ന നിലയിൽ അതു പരിഗണിക്കാതെ പറ്റില്ല. അതേസമയം മാറ്റങ്ങളുടെ ലോകത്ത് മാറ്റമില്ലാത്ത ദൈവത്തെയും മാറ്റം വരാത്ത ക്രിസ്തീയ സത്യങ്ങളെയും കുട്ടികളിൽ ഉറപ്പിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം. അതിനു സഹായിക്കുന്ന പാഠപുസ്തകം നിങ്ങളുടെ പക്കലുണ്ട്. ഇപ്പോഴിതാ അധ്യാപകർക്കായി പ്രത്യേകം തയ്യാറാക്കിയ അഞ്ചാം ക്ലാസ്സിലെ അധ്യാപക സഹായിയും നിങ്ങളുടെ കൈകളിലെത്തിക്കഴിഞ്ഞു. കഴിവുകൾ വളർത്തിയും കുറവുകൾ നികത്തിയും നല്ലൊരു ടീച്ചറാകാൻ നിങ്ങൾക്കു കഴിയട്ടെ. അതിന് ഈ അധ്യാപക സഹായി നിങ്ങളെ സഹായിക്കും.

## അധ്യാപകസഹായി എന്ത്? എന്തിന്?

ഒരു അധ്യാപകസഹായി ടീച്ചറിന്റെ വഴികാട്ടിയാണ്. പാഠപുസ്തകത്തിന്റെ അനുബന്ധമാണ്. പാഠങ്ങളുടെ വ്യാഖ്യാനരൂപമാണ്.

പല വിധത്തിൽ ഇത് ടീച്ചറിന് സഹായമേകുന്നുണ്ട്.

- ◆ പാഠത്തിന്റെ ലക്ഷ്യം ഗ്രഹിക്കാൻ
- ◆ പാഠത്തിന്റെ ഉള്ളടക്കം മനസ്സിലാക്കാൻ
- ◆ പാഠസംബന്ധിയായ സംശയങ്ങൾ അകറ്റാൻ
- ◆ കുട്ടികൾക്ക് തൃപ്തികരമായ മറുപടി നൽകാൻ
- ◆ പഠന പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ◆ ഉചിതമായ പ്രവർത്തനങ്ങൾ ശരിയായി സംഘടിപ്പിക്കാൻ
- ◆ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടുപിടിക്കാൻ
- ◆ പാഠപുസ്തകത്തെ ശരിയായി ഉപയോഗപ്പെടുത്താൻ
- ◆ അധികവിവരങ്ങൾ ശേഖരിക്കാൻ
- ◆ സ്വന്തം അധ്യാപനരീതികളെ മെച്ചപ്പെടുത്താൻ
- ◆ പുതിയ പുസ്തകത്തിന്റെ സമീപനം ഉൾക്കൊള്ളാൻ
- ◆ പാഠപുസ്തകത്തിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ
- ◆ അധ്യാപന ശാസ്ത്രത്തിന്റെ പ്രഥമപാഠങ്ങൾ മനസ്സിലാക്കുവാൻ.



## മൂന്നു ചോദ്യങ്ങൾ

1. എന്താണ് പഠിപ്പിക്കേണ്ടത്? എന്ത് ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത്?
2. ആരെയാണ് പഠിപ്പിക്കേണ്ടത്?
3. എങ്ങനെയാണ് പഠിപ്പിക്കേണ്ടത്?

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരും ഈ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം അറിഞ്ഞിരിക്കേണ്ടതാണ്.

## 1. വിശ്വാസപരിശീലനം എന്തെന്ന് അറിയുക

ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം ഇതാണ്. മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തീയ വിശ്വാസത്തിന്റെ പക്വതയിലേയ്ക്കും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്കും നയിച്ചുകൊണ്ട് ക്രിസ്തുവിൽ വളരുന്നതിന് സഹായിക്കുകയാണ് വിശ്വാസപരിശീലനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഇതിനായി വിശ്വാസത്തിന്റെ അറിവിലേയ്ക്കും അനുഭവത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും കുട്ടികൾക്ക് വഴികാട്ടുന്നതാണ് ശരിയായ വിശ്വാസപരിശീലനം.

"മിശിഹാ നിങ്ങളിൽ രൂപപ്പെടുവോളം ഞാൻ ഈറ്റുനോവനുഭവിക്കുന്നു" എന്ന വി. പൗലോസിന്റെ തീക്ഷ്ണതയാണ് ടീച്ചറിനു വേണ്ടത്. പഴയനിയമജനതയായ ഇസ്രായേലിന്റെ ചരിത്രമാണ് അഞ്ചാം ക്ലാസ്സിൽ പഠിപ്പിക്കാനുള്ളത്. പുതിയ നിയമജനതയായ സഭയുടെ പ്രതീകം കൂടിയാണ് ഇസ്രായേൽ. അതിനാൽ കുട്ടികൾക്ക് പഴയ നിയമജനതയെയും പുതിയനിയമജനതയെയും ബന്ധിപ്പിച്ചും താരതമ്യപ്പെടുത്തിയും പാഠ്യവസ്തുതകൾ വ്യക്തമാക്കികൊടുക്കാൻ ടീച്ചർ ശ്രദ്ധിക്കണം. എന്താണ് പഠിപ്പിക്കേണ്ടത് എന്നതിന്റെ ആന്തരാർത്ഥം ഇതാണ്.

എന്തു ലക്ഷ്യത്തോടെയാണ് പഠിപ്പിക്കേണ്ടത് എന്നതിനും ടീച്ചറിന്റെ പക്കൽ വ്യക്തമായ ഉത്തരം ഉണ്ടായിരിക്കണം. പുതിയ ഇസ്രായേലിലെ അംഗമായ താൻ ദൈവഹിതം അനുസരിച്ച് ജീവിക്കേണ്ട വ്യക്തിയാണെന്ന അവബോധം ഓരോ കുട്ടിയിലും വളർത്തുകയാണ് ലക്ഷ്യമെന്ന് അറിഞ്ഞിരിക്കണം.

## 2. കുട്ടികളെ അറിയണം

നിങ്ങൾ പഠിപ്പിക്കേണ്ടതും വിശ്വാസപരിശീലനം നൽകേണ്ടതും കുട്ടികൾക്കാണല്ലോ. രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം ഇതിലുണ്ട്. കുട്ടികളുടെ കാര്യത്തിൽ മൂന്നു സംഗതികൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.

**a)** **പ്രായഭേദം:** കുട്ടികളുടെ പ്രായവ്യത്യാസം കണക്കിലെടുക്കണം. നിങ്ങളുടെ മുമ്പിലുള്ള കുട്ടികളുടെ പ്രായത്തോട് സംവദിക്കാൻ കഴിയണം. മൂന്നിലും നാലിലും പഠിക്കുന്ന കുട്ടികളിൽനിന്ന് കുറെയൊക്കെ വ്യത്യസ്തരാണ് അഞ്ചാം ക്ലാസ്സുകാർ എന്നോർമ്മിക്കണം. പ്രായം കവിഞ്ഞ കുട്ടികൾ ക്ലാസ്സിലുണ്ടെങ്കിൽ അതും പരിഗണിക്കാൻ മറക്കരുത്. പ്രായത്തിനു ചേർന്ന വിധത്തിൽ ആത്മീയാഹാരം പകർന്നു കൊടുക്കാൻ വിശ്വാസപരിശീലകർക്കു കടമയുണ്ട്.

**b)** **ദേശഭേദം:** കുട്ടികൾ വളർന്നുവരുന്ന ദേശത്തിന്റെ അഥവാ പ്രാദേശികഘടനയുടെ സന്താനങ്ങൾ കൂടിയാണ്. പ്രദേശത്തിന്റെ പ്രത്യേകതകൾ അവരിൽ നിഴലിക്കും. ഗ്രാമത്തിലെ പത്തുവയസ്സുകാരിയും നഗരത്തിലെ പത്തുവയസ്സുകാരിയും ചിന്തയിലും പ്രവൃത്തിയിലും വ്യത്യസ്തത പുലർത്തുന്നവരാണ്. ഈ വ്യത്യാസം വിശ്വാസപരിശീലനത്തിലും പരിഗണിക്കേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങൾ നൽകുമ്പോഴും ചർച്ചകൾ സംഘടിപ്പിക്കുമ്പോഴും ഒക്കെ ദേശഭേദത്തിന് പ്രാധാന്യമുണ്ടെന്ന് ടീച്ചർ ഓർമ്മിക്കണം.

**c)** **കാലഭേദം:** അടുത്ത ഘടകം കാലത്തിന്റെ മാറ്റമാണ്. ടീച്ചർ കുട്ടിക്കാലം കഴിഞ്ഞുവന്ന വ്യക്തിയാണെങ്കിലും കുട്ടികളെ മനസ്സിലാക്കാൻ അതുമാത്രം പോരാ. കാരണം, കുട്ടികൾ വളരുന്നത് പുതിയ കാലത്താണ്. ഗതിവേഗം കൂടിയ ഇക്കാലത്ത് ജീവിക്കുന്ന കുട്ടികളുടെ പ്രത്യേകതകൾ ഗ്രഹിക്കാതെ ടീച്ചറിന് അവരെ നന്നായി പരിശീലിപ്പിക്കാൻ ആവില്ലെന്നോർക്കുക.

കുട്ടികളുടെ കഴിവുകൾ, കുറവുകൾ, താല്പര്യങ്ങൾ, സാധ്യതകൾ എന്നിവയൊക്കെ ടീച്ചർ അറിഞ്ഞിരിക്കണം. ചിരിക്കാനും കരയാനും സംസാരിക്കാനും കേൾക്കാനും കാണാനും ഓടാനും ചാടാനുമൊക്കെ കഴിവും ഉത്സാഹവുമുള്ളവരാണ് കുട്ടികൾ. അവ ഉപയോഗപ്പെടുത്താൻ കഴിയണം.



ഉദാഹരണമായി കുട്ടികളുടെ സംസാരിക്കാനുള്ള കഴിവുമാത്രം പരിഗണിക്കാം. നിരവധി കാര്യങ്ങൾ വാമൊഴിയിലൂടെ അവർ ചെയ്യും. അതൊന്നു കുറിച്ചുവച്ചാൽ ഇങ്ങനെയായിരിക്കില്ലേ?

- കഥ പറയും
- പാട്ടുപാടും
- ചോദ്യം ചോദിക്കും
- ഉത്തരം പറയും
- വിശേഷങ്ങൾ പങ്കുവയ്ക്കും
- അറിയാവുന്ന കാര്യങ്ങൾ വിവരിക്കും
- ഭാവനാപരമായി ചിന്തിച്ചുപറയും
- സംഭവങ്ങൾ വിവരിക്കും
- പരാതികൾ പറയും
- നിർദ്ദേശങ്ങൾ ഉന്നയിക്കും
- ചിത്രം നോക്കി ആശയം പറയും...

ഇതെല്ലാം ചെയ്യാൻ അവസരമുള്ളതാണ് വിശ്വാസപരിശീലനവേദിയെങ്കിൽ കുട്ടികൾക്ക് ഇഷ്ടപ്പെടില്ലേ?

കളികൾ ഇഷ്ടപ്പെടുന്നവരാണ് കുട്ടികൾ. ഒത്തിരി കളിക്കുന്നവരാണ് അഞ്ചാം ക്ലാസ്സിലെ കുട്ടികൾ. അതിലൂടെ നിരവധി കാര്യങ്ങൾ സാധിക്കുന്നുണ്ട്.

- നിർദ്ദേശങ്ങൾ മനസ്സിലാക്കുന്നു
- നിയമങ്ങൾ അനുസരിക്കുന്നു
- നിയമം തെറ്റിച്ചാൽ തിരിച്ചറിയുന്നു
- തെറ്റുകൾ തിരുത്തുന്നു
- സന്തോഷവും സങ്കടവും പങ്കുവയ്ക്കുന്നു
- വികാരങ്ങൾ പ്രകടിപ്പിക്കുന്നു

- സംഘമായി പ്രവർത്തിക്കുന്നു
- പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ ഏർപ്പെടുന്നു.

ഇതെല്ലാം വിശ്വാസപരിശീലന ക്ലാസ്സിലും സംഭവിക്കുന്ന സംഗതികളാണ്. ഇതിനെല്ലാം കഴിവുള്ളവരാണ് മുന്നിലിരിക്കുന്ന കുട്ടികളെന്ന തിരിച്ചറിവ് ടീച്ചറിനുണ്ടാവണം. കുട്ടികളെ ശരിയായി മനസ്സിലാക്കാൻ ടീച്ചറിന് സഹായകമായ പല മാർഗങ്ങളുണ്ട്. അവയിൽ ചിലത് താഴെ പ്പറയുന്നവയാണ്.

- ◆ കുട്ടികളുമായുള്ള ഇടപെടൽ
- ◆ സൂക്ഷ്മനിരീക്ഷണം
- ◆ ബാലമനഃശാസ്ത്രത്തിലുള്ള അറിവ്
- ◆ കുട്ടികളെ സംബന്ധിക്കുന്ന പുസ്തകങ്ങളുടെ വായന

### 3. പഠനരീതി അറിയണം

പുതിയ കാലം, പുതിയ കുട്ടികൾ, പുതിയ പാഠപുസ്തകം. ഇത്തരമൊരു സാഹചര്യത്തിൽ പുത്തൻ പഠനരീതികൾ കുട്ടികൾക്കു നൽകണം. അധ്യാപനത്തിന് പുതിയ മാർഗങ്ങൾ സ്വീകരിക്കണം. മുൻപ് കണ്ടതുപോലെ കുട്ടികളുടെ നാനാതരം കഴിവുകൾ ഉപയോഗപ്പെടുത്തുന്ന പഠനസമ്പ്രദായം ആവശ്യമാണ്. പ്രവർത്തനങ്ങൾക്കുള്ള അവസരം കുട്ടികൾക്ക് ആവോളം നൽകണം.

കേൾക്കാൻ മാത്രമല്ല, പറയാനും എഴുതാനും കാണാനും ചെയ്യാനും പറ്റിയ നിരവധി അവസരങ്ങൾ പാഠപുസ്തകം പ്രദാനം ചെയ്യുന്നു. ലളിതമായ പ്രവർത്തനങ്ങൾ വിശ്വാസത്തിന്റെ ഓരോരോ അംശങ്ങൾ സ്വായത്തമാക്കാൻ കുട്ടികളെ സഹായിക്കുന്നു. അവയൊന്നും നിസ്സാരങ്ങളല്ലതാനും. അതിനാൽ പുതിയ ബോധനരീതികൾ ഗ്രഹിക്കാൻ ടീച്ചർ തയ്യാറാവേണ്ടതാണ്.

## പഠനപ്രവർത്തനങ്ങൾ

വിശ്വാസപരിശീലന ക്ലാസ്സിൽ പ്രവർത്തനങ്ങളിലൂടെയാണ് പഠനം നടക്കേണ്ടത്. എന്നാൽ ശരിയായ പഠനപ്രവർത്തനങ്ങൾക്ക് ചില സവിശേഷതകൾ ഉണ്ടായേ മതിയാവൂ. ആ സവിശേഷതകൾ എന്തൊക്കെയാണെന്നു നോക്കാം.



- ഒരു ലക്ഷ്യത്തെ മുൻനിർത്തിയുള്ളത്
- കുട്ടികളിൽ താല്പര്യം ജനിപ്പിക്കുന്നത്
- കുട്ടികളുടെ പ്രകൃതത്തിന് ചേർന്നത്
- കുട്ടികൾക്ക് പ്രവർത്തനസ്വാതന്ത്ര്യം നൽകുന്നത്
- വിഷയവുമായി ബന്ധമുള്ളത്
- എല്ലാവർക്കും പങ്കാളിത്തമുള്ളത്
- സമയബന്ധിതമായി ചെയ്യാവുന്നത്
- പ്രായോഗികമായി എളുപ്പമുള്ളത്.
- കുട്ടികളുടെ നിലവാരത്തിന് യോജിച്ചത്
- കുട്ടികളിൽ വെല്ലുവിളി ഉയർത്തുന്നത്
- തുടർപഠനത്തിന് അവസരമുള്ളത്
- ടീച്ചറിന് വിലയിരുത്താൻ കഴിയുന്നത്.

പാഠപുസ്തകത്തിലെയും അധ്യാപക സഹായിയിലേയും പ്രവർത്തനങ്ങൾ കുട്ടികൾക്കു നൽകാം. പുതിയ പ്രവർത്തനങ്ങൾ ടീച്ചർ കണ്ടെത്തി കൊടുക്കുകയുമാവാം. അപ്പോഴൊക്കെ ഇപ്പറഞ്ഞ സവിശേഷതകൾ ഓർത്തിരിക്കുന്നത് നല്ലതാണ്.

### ടീച്ചർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എല്ലാ കുട്ടികൾക്കും പാഠപുസ്തകം ഉണ്ടെന്ന് ഉറപ്പുവരുത്തണം. അത് തുടക്കത്തിലേ വാങ്ങാൻ നിർദ്ദേശിക്കുകയും വേണം.
2. പാഠപുസ്തകത്തിൽ വരയ്ക്കാനും എഴുതാനുമുള്ള കാര്യങ്ങൾ ക്ലാസ്സിൽവച്ചു മാത്രം ചെയ്യട്ടെ. ഇക്കാര്യം ടീച്ചർ മുൻകൂട്ടി കുട്ടികളെ ബോധ്യപ്പെടുത്തണം.
3. അധികപ്രവർത്തനങ്ങൾ വീട്ടിൽ വച്ച് ചെയ്യുന്നതിനായി കുട്ടികൾക്കു നൽകാം. അതു വ്യക്തമായി പറഞ്ഞു കൊടുത്തുവിടണം. പിറ്റേ ആഴ്ചവരുമ്പോൾ ചെയ്തത് പരിശോധിക്കുകയും വേണം.

## പാഠത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ

വിശ്വാസപരിശീലനം, കുട്ടികളുടെ പ്രത്യേകതകൾ, പുതിയ പഠനരീതി എന്നിവയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കി. ഇനി പാഠങ്ങളിലേയ്ക്ക് വരികയാണ്. പാഠവിശകലനത്തിൽ പ്രത്യേക മായൊരു രൂപഘടന സ്വീകരിച്ചിട്ടുണ്ട്. അത് താഴെപ്പറയുന്ന വിധത്തിലാണ്.

### 1. ആമുഖം

പാഠത്തിന്റെ ഉള്ളടക്കം, സന്ദേശം, ഊന്നൽ കൊടുക്കേണ്ട പാഠ്യവസ്തുത എന്നിവയെക്കുറിച്ചുള്ള സംക്ഷിപ്തവിവരമാണ് ആമുഖത്തിൽ ചേർക്കുന്നത്. പാഠത്തെക്കുറിച്ച് ടീച്ചറിന് ഒരു കാഴ്ചപ്പാട് ഉണ്ടാകാൻ ഇതുപകരിക്കും.

### 2. കുട്ടികൾ സ്വന്തമാക്കേണ്ടത്

ഒരു പാഠത്തിലൂടെ കുട്ടികൾ നേടേണ്ട ഉദ്ദേശ്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു. അവയെ മൂന്നായി തിരിക്കാം.

a) ബോധ്യം

b) മനോഭാവം

c) ശീലം എന്നിവയാണവ. ചോദ്യോത്തരങ്ങൾക്കും പ്രവർത്തനങ്ങൾക്കും ശേഷം കുട്ടികളിൽ ഇവ അവശേഷിച്ചാലേ വിശ്വാസ പരിശീലനം ഫലപ്രദമാവുകയുള്ളൂ.

### 3. ബോധനോപാധികൾ

ഓരോ പാഠവും നന്നായി അവതരിപ്പിക്കുന്നതിന് ചില പഠനോപകരണങ്ങൾ ആവശ്യമാണ്. ടീച്ചർ അവയെല്ലാം മുൻകൂട്ടി ശേഖരിച്ച് ക്ലാസ്സിൽ കൊണ്ടുപോകണം. ഗാനങ്ങൾ, കഥകൾ, കളികൾ, നാടക രൂപങ്ങൾ എന്നിവയൊക്കെ ചിലപ്പോൾ ആവശ്യമായി വരും. വസ്തുക്കൾ മാത്രമല്ല, വസ്തുതകളും കൂടി ഉൾപ്പെടുന്നതാണ് ബോധനോപാധികൾ. ടീച്ചർ മനസ്സിൽ തയ്യാറാക്കി കൊണ്ടുപോകുന്ന ഒരു പഠനപ്രവർത്തനവും ബോധനോപാധികളുടെ പരിധിയിൽ വരുന്നതാണ് എന്നോർമ്മിക്കുക.



### 4. പാഠാവതരണം

ഓരോ പാഠവും കുട്ടിക്കളുടെ മുന്നിൽ എങ്ങനെ അവതരിപ്പിക്കണമെന്ന് വിവരിക്കുന്ന ഭാഗമാണിത്. പാഠം തുടക്കം മുതൽ ഒടുക്കം വരെ വായിച്ചവതരിപ്പിക്കുന്ന കാലമൊക്കെ കടന്നുപോയി. കുട്ടികൾക്ക് ആകർഷകമായ വിധത്തിൽ പാഠം തുടങ്ങാൻ കഴിയണം. തുടരാനും അവസാനിപ്പിക്കാനും കഴിയണം. അതിനുള്ള സൂചനകളാണ് പാഠവതരണത്തിൽ ചേർത്തിട്ടു ള്ളത്. അവയേക്കാൾ മെച്ചമെന്നു തോന്നുന്നവ കണ്ടെത്തിയാൽ ഉപയോഗിക്കാവുന്നതാണ്. ഏറ്റവുമധികം ഒരുക്കം ആവശ്യമുള്ള കാര്യമാണ് പാഠാവതരണമെന്ന് മറക്കരുത്.

### 5. പാഠബന്ധിതപ്രവർത്തനങ്ങൾ

പാഠപുസ്തകത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഈ ഭാഗത്ത് ചേർത്തിരിക്കുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും നൽകിയിട്ടുണ്ട്. ടീച്ചറിനുള്ള സൂചനയായി എല്ലാ പ്രവർത്തനങ്ങളും ചെയ്യാൻ കുട്ടികളോട് നിഷ്കർഷിക്കണം.

### 6. അനുബന്ധിത പ്രവർത്തനങ്ങൾ

പാഠപുസ്തകത്തിൽ ഇല്ലാത്തതും പാഠങ്ങളോടു കൂട്ടിച്ചേർക്കാവുന്നതുമായ പ്രവർത്തനങ്ങളാണ് ഇവ. ഓരോന്നും ടീച്ചറിന്റ ഇഷ്ടാനുസരണം സ്വീകരിക്കാവുന്നവയാണ്. സന്ദർഭത്തിന് ഇണങ്ങും വിധം ആവശ്യമുള്ളിടത്തോളം. ഉപയോഗിക്കുക. അധ്യാപകസഹായിയിൽ ചേർക്കാത്ത പ്രവർത്തനങ്ങൾ കിട്ടുമെങ്കിൽ അവയും ക്ലാസ്സിൽ ഉപയോഗിക്കാം. അനുബന്ധിത പ്രവർത്തങ്ങളെല്ലാം ടീച്ചറിന്റെ മനോഭാവത്തിനുസൃതമായി ചെയ്യാനുള്ളതാണെന്ന് ഓർത്തിരിക്കുക.

## ഓരോ പാഠത്തിലും ഓർക്കേണ്ട കാര്യങ്ങൾ

1. ഓരോ പാഠവും രണ്ട് ദിവസം (2 ഞായറാഴ്ചകൾ) കൊണ്ട് പഠിപ്പിച്ചുതീർക്കണം എന്നാണ് ധാരണ. അതിനാൽ ഓരോ പാഠത്തിലെയും കാര്യങ്ങൾ രണ്ടായി വിഭജിച്ച് ഒരുങ്ങുന്നതാണ് സൗകര്യം. കഴിയുമെങ്കിൽ പാഠവസ്തുതകളും (Content)

പ്രവർത്തനങ്ങളും (Activity) രണ്ടുദിവസങ്ങളിലും ഉൾപ്പെടുന്ന വിധത്തിൽ ക്രമികരിക്കുന്നതാണ് നല്ലത്.

2. പ്രവർത്തനങ്ങൾ പലതും ക്ലാസ്സിൽവച്ചുതന്നെ കുട്ടികൾ ചെയ്യേണ്ടതാണ്. രണ്ടു ദിവസങ്ങളിലായി ഒരു പാഠം പൂർത്തിയാക്കാൻ സമയം ലഭിക്കും. ഓരോ പ്രവർത്തനവും ചെയ്യാനുള്ള നിർദ്ദേശങ്ങൾ വ്യക്തമായും കൃത്യമായും നൽകണം. വീട്ടിൽ വച്ച് ചെയ്യേണ്ടവ ഉണ്ടെങ്കിൽ അത് രണ്ടാംദിവസം തന്നെ കുട്ടികളോട് പറഞ്ഞുവിടണം.

3. 'എന്റെ തീരുമാനം' എന്ന പേരിൽ കൊടുത്തിരിക്കുന്നവ കുട്ടികളിൽ രൂപപ്പെടേണ്ട ശീലം തന്നെയാണ്. ഓരോ പാഠത്തിലെയും തീരുമാനം എങ്ങനെ പ്രായോഗികമാക്കാമെന്നു വിശദമാക്കിക്കൊടുക്കണം. അത് അവരുടെ സ്വന്തം തീരുമാനമാക്കി മാറ്റണം. പിറ്റേ ആഴ്ചയിൽ തീരുമാനം എത്രത്തോളം നടപ്പിലാക്കി എന്ന് അന്വേഷിക്കണം

4. മിക്ക പാഠങ്ങളിലും കഥ പറയാൻ അവസരങ്ങളുണ്ട്. പരമാവധി സന്ദർഭങ്ങൾ ഇതിനായി ഉപയോഗിക്കണം. ഇടയ്ക്ക് കഥപറയാൻ കുട്ടികൾക്കും അവസരം നൽകണം. താല്പര്യം ഉണർത്തി, ആകാംക്ഷ വളർത്തി, ആശയങ്ങൾ സ്വീകരിക്കാൻ തക്കവിധം കഥ അവതരിപ്പിക്കണം. അതിന് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

- വിശദാംശങ്ങൾ വിട്ടുകളയരുത്.
- വ്യക്തികളെയും സംഭവങ്ങളെയും വർണ്ണിക്കണം.
- കുട്ടികൾക്കിണങ്ങുന്ന പദങ്ങളും ഭാഷശൈലിയും ഉപയോഗിക്കണം.
- കഥയ്ക്കിടയിൽ ചെറിയ ചോദ്യങ്ങൾ ചോദിക്കണം.
- കുട്ടികളുടെ സഹായത്തോടെ കഥ പൂർത്തിയാക്കാൻ കഴിഞ്ഞാൽ നന്ന്.
- വിശ്വാസപരിശീലനക്ലാസ്സിന് ഉതകുന്ന കഥകൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കണം.



5. കളികളുടെ സ്വഭാവമുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകാവുന്നതാണ്. അവ സംഘടിപ്പിക്കുമ്പോൾ ചില കാര്യങ്ങളിൽ ശ്രദ്ധിക്കണം.

- ◆ ക്ലാസ്സിന്റെ അന്തരീക്ഷത്തിനു ചേർന്നവ തെരഞ്ഞെടുക്കണം.
- ◆ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ മുൻകൂട്ടി തീരുമാനിക്കണം.
- ◆ നിർദ്ദേശങ്ങൾ വ്യക്തമായി കൃത്യമായും നൽകണം.
- ◆ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ നിഷ്കർഷിക്കണം.
- ◆ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം.
- ◆ നിർദ്ദേശങ്ങൾ പാലിക്കാത്തവരെ തിരുത്തണം.
- ◆ പ്രവർത്തനത്തിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കണം.

## ഓർമ്മിക്കാൻ മൂന്ന് കാര്യങ്ങൾക്കൂടി

1. ഈ അധ്യാപനസഹായി പൂർണ്ണമായി ശ്രദ്ധാപൂർവം വായിക്കണം. ഓരോ പാഠവിശകലനവും മനസ്സിലാക്കണം. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും അധ്യാപകസഹായിയും വായിച്ചുനോക്കുന്നത് അധ്യാപനത്തെ കൂടുതൽ സമഗ്രമാക്കാൻ സഹായിക്കും.

2. ഓരോ പാഠവും പഠിപ്പിക്കുന്നതിനു മുമ്പായി അതാത് പാഠവിശകലനത്തിന്റെ സഹായത്തോടെ നല്ല ഒരുക്കം നടത്തണം. പാഠാസൂത്രണം നന്നായാൽ ക്ലാസ്സെടുക്കാൻ ഏറെ എളുപ്പമാകും. എന്തെല്ലാം കാര്യങ്ങൾ, ഏതു വിധത്തിൽ കുട്ടികൾക്ക് നൽകണം. എന്തെല്ലാം പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിക്കണം എന്നെല്ലാം മുൻകൂട്ടി തീരുമാനിക്കുന്നതാണ് ആസൂത്രണം. നന്നായി നടത്തുന്ന പാഠാസൂത്രണം, പാഠാവതരണം നന്നായി നിർവ്വഹിക്കാൻ ടീച്ചറിനെ പ്രാപ്തയാക്കുമെന്നതിൽ സംശയ മില്ല.

3. പാഠാസൂത്രണത്തിൽ തീരുമാനിച്ച കാര്യങ്ങൾ ഒരു നോട്ടുബുക്കിൽ എഴുതിവച്ചാൽ എളുപ്പമായി. അതുപയോഗിച്ച് ക്ലാസ്സ്

നയിക്കാം. ടീച്ചറിന് വ്യക്തിപരമായി സൗകര്യമെന്നു തോന്നുന്ന വിധത്തിൽ എഴുതിയാൽ മതി. അതാണ് പാഠക്കുറിപ്പ്. ഓരോ പാഠത്തിനും പാഠക്കുറിപ്പ് എഴുതി ശീലിക്കുന്നത് കൂടുതൽ നന്നായി പാഠം ഒരുങ്ങാൻ ഇടവരും. പലയിടത്തുനിന്നായി ടീച്ചറിനു ലഭിക്കുന്ന അധികവിവരങ്ങളും പ്രവർത്തനങ്ങളും ഈ ബുക്കിൽ എഴുതാനും കഴിയും. ക്ലാസ്സിൽ ഉപയോഗിക്കാൻ പറ്റുന്ന കഥകൾ, പാട്ടുകൾ, ചിത്രങ്ങൾ എന്നിവയൊക്കെ ശേഖരിച്ചുവയ്ക്കാനും ഈ ബുക്ക് ഉപയോഗിക്കാം.



# 1
# ബൈബിൾ രക്ഷയുടെ ചരിത്രം

## I ആമുഖം

വിശുദ്ധഗ്രന്ഥമായ ബൈബിളിന്റെ പ്രാധാന്യവും പ്രത്യേകതകളും വ്യക്തമാക്കുന്നതാണ് ഈ പാഠം. ദൈവവചനത്തിന് അനുദിന ജീവിതത്തിൽ സ്ഥാനം നൽകേണ്ടതിന്റെ ആവശ്യകത ഈ പാഠത്തിലൂടെ കുട്ടികൾ ഗ്രഹിക്കണം. ബൈബിൾ ആദരവോടെ ഉപയോഗിക്കാനുമുള്ള താല്പര്യം കുട്ടികളിൽ വളർത്താൻ ഈ പാഠം ഉപകരിക്കണം.

## II കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- മനുഷ്യജനതയ്ക്കു മുഴുവനുമായി ദൈവം നൽകിയ വിശുദ്ധഗ്രന്ഥമാണ് ബൈബിൾ.
- ദൈവാനുഭവത്തിന്റെ ചരിത്രമാണ് ബൈബിൾ അവതരിപ്പിക്കുന്നത്.

### b) മനോഭാവം

- ബൈബിളിലൂടെ നമ്മോട് നിരന്തരം സംസാരിക്കുന്ന ദൈവത്തിന് നാം നന്ദിയർപ്പിക്കണം.
- ദൈവവചനമായ ബൈബിൾ ആദരവോടെ ഉപയോഗിക്കണം.

### c) ശീലം

- ഞാൻ എല്ലാ ദിവസവും ഭക്തിയോടും ശ്രദ്ധയോടും കൂടി ബൈബിൾ വായിക്കും.

## III. ബോധനോപാധികൾ

ബൈബിൾ, വേദപാഠപുസ്തകം, കുർബ്ബാനപുസ്തകം, പാട്ടു പുസ്തകം, കഥാപുസ്തകം, നോട്ടുബുക്ക്, ജീവചരിത്ര പുസ്തകങ്ങൾ.

## IV. പാഠാവതരണം

'ഏതെന്നു പറയാമോ' എന്ന പ്രവർത്തനത്തിലൂടെ പാഠാവതരണം നടത്താം.

ക്ലാസ്സിൽ കൊണ്ടുവന്നിട്ടുള്ള ബോധനോപാധികൾ ( ബൈബിൾ, പാട്ടുപുസ്തകം, നോട്ടുബുക്ക്, കഥപുസ്തകം) കുട്ടികൾക്ക് വിതരണം ചെയ്യുന്നു. എല്ലാ കുട്ടികൾക്ക് ഓരോന്ന് നൽകാൻ കഴിഞ്ഞാൽ നന്ന്. അല്ലെങ്കിൽ ഗ്രൂപ്പിന് ഓരോന്ന് എന്ന വിധത്തിൽ കൊടുക്കുന്നു. ഓരോരുത്തരും കിട്ടിയ പുസ്തകം ഉയർത്തിക്കാട്ടി, അതിന്റെ പേര് പറയുന്നു. ടീച്ചർ ആ പേരുകൾ ബോർഡിൽ എഴുതുന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ട പുസ്തകം ഏതാണെന്ന് ചോദി ക്കുന്നു. കുട്ടികൾ ഉത്തരം പറയട്ടെ. എന്തുകൊണ്ട് ആ ഉത്തരം പറഞ്ഞുവെന്ന് വിശദീകരിക്കാൻ ആവശ്യപ്പെടാം. സ്വഭാവികമായും കുട്ടികൾ 'ബൈബിൾ' എന്ന ഉത്തരം നൽകും. വിശദീകരണം ഒരു പക്ഷേ അപര്യാപ്തമായേക്കാം. ടീച്ചർ ഇവിടെ ഫലപ്രദമായി ഇടപെട്ട്, കുട്ടികൾ പറഞ്ഞ ഉത്തരങ്ങൾ ഉപയോഗിച്ചുകൊണ്ട് പാഠത്തിലേക്ക് അവരെ നയിക്കുന്നു. എന്തുകൊണ്ടാണ് ബൈബിൾ ഏറ്റവും പ്രധാനപ്പെട്ട പുസ്തകമാവുന്നതെന്ന ചോദ്യത്തിനുള്ള ഉത്തരം തേടുന്നതിന് പാഠം കുട്ടികളെ സഹായിക്കുന്നു എന്ന രീതിയിൽ അവതരിപ്പിക്കണം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പാടാം

പാഠഭാഗത്തിന്റെ സന്ദേശം ഗാനരൂപത്തിലാക്കിയതാണ് പാടാൻ നൽകിയിരിക്കുന്നത്. തനിച്ചോ സംഘമായോ ഈണം കണ്ടെത്തി ആലപിക്കാൻ കുട്ടികൾക്ക് അവസരം നൽകണം. ആവശ്യമെങ്കിൽ ടീച്ചർ സഹായിക്കുകയുമാവാം.

### നമുക്കു പ്രാർത്ഥിക്കാം

കൈകൾ കൂപ്പി, ഭക്തിപൂർവ്വം പ്രാർത്ഥന ചൊല്ലാൻ അവസരം നൽകണം. ഗ്രൂപ്പിനോ കുട്ടിക്കോ മാറിമാറി അവസരം കൊടുത്താൽ മതി.



### ദൈവവചനം വായിക്കാം, വിവരിക്കാം

ഉല്പത്തി 9:1–17 എന്ന ഭാഗം വായിക്കാൻ ഒന്നാം ദിവസം ഗൃഹപാഠം നൽകുന്നു. രണ്ടാംദിവസം ഈ ഭാഗത്തെ ആസ്പദമാക്കി പ്രശ്നോത്തരി നടത്തുന്നു. പോയിന്റ് നൽകുന്നു.

**മാതൃകാചോദ്യങ്ങൾ:** 1) ദൈവത്തിന്റെ ഉടമ്പടിയുടെ അടയാളം – മഴവില്ല് 2) ദൈവം ഉടമ്പടി ചെയ്തത്– നോഹയോടും പുത്രന്മാരോടും. 3) ആരുടെ ഛായയിലാണ് മനുഷ്യനെ സൃഷ്ടിച്ചത്– ദൈവത്തിന്റെ

### വഴിക്കാട്ടാൻ ഒരു തിരുവചനം

തന്നിരിക്കുന്ന വചനം വലിപ്പമുള്ള ഒരു കടലാസിലോ ചാർട്ടിലോ എഴുതിക്കൊണ്ടുവരാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. അവ സ്കെച്ചു പേനയും മറ്റു ഉപയോഗിച്ചു ആകർഷകമാക്കാം. അത് ക്ലാസ്സിൽ പ്രദർശിപ്പിക്കുക. സ്ഥിരമായി ഒട്ടിച്ചുവയ്ക്കുകയോ തൂക്കിയിടുകയോ ചെയ്താൽ ക്ലാസ്സിന് അലങ്കാരമാവും. കുട്ടികളുടെ മനസ്സിൽ വചനം പതിയുകയും ചെയ്യും

### നമുക്കു പ്രവർത്തിക്കാം

വളരെ ലളിതമായ പ്രവർത്തനങ്ങൾ ചെയ്യാൻ നിർദ്ദേശിച്ചാൽ മതി. പ്രയാസമുണ്ടെന്നു കണ്ടാൽ ടീച്ചർ കുട്ടികളെ സഹായിക്കണം.

### എന്റെ തീരുമാനം

കുട്ടികളിൽ ശീലമായിത്തീരേണ്ട കാര്യമാണ് തീരുമാനമായി കൊടുത്തിരിക്കുന്നത്. അതു പാലിക്കാൻ പ്രേരിപ്പിക്കുക. ശീലിക്കുന്നുണ്ടോയെന്ന് പരിശോധിച്ചറിയുക.

### ഉത്തരം കണ്ടെത്താം

1. പേജ് 10 ഖണ്ഡിക 1
2. പേജ് 10 ഖണ്ഡിക 2
3. പേജ് 11 ഖണ്ഡിക 3
4. പേജ് 12 ഖണ്ഡിക 2
5. പേജ് 12 അവസാന ഖണ്ഡിക

(ഉത്തരം ഉൾക്കൊള്ളുന്ന പേജും ഖണ്ഡികയുമാണ് ചേർത്തിരിക്കുന്നത്. ഉത്തരമായി വരേണ്ട ഭാഗം മാത്രം കുട്ടികൾക്ക് പറഞ്ഞുകൊടുത്താൽ മതി.)

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ഉത്തരമറിയാമോ?

പാഠപുസ്തകം തുറക്കാൻ കുട്ടികളെ അനുവദിക്കുന്നു. പാഠത്തിലെ ചില വാക്കുകൾ ഉത്തരമായി വരുന്ന ചെറുചോദ്യങ്ങൾ ചോദിക്കുന്നു. ശരിയുത്തരം പറയുന്നവർക്ക് പോയിന്റ് നൽകുന്നു.

### ബൈബിൾ അലങ്കരിക്കാം

ക്ലാസ്സിൽ ഭക്തിപൂർവ്വം ബൈബിൾ അലങ്കരിക്കുന്നു. ഒന്നാം ദിവസം അതിനുള്ള നിർദ്ദേശം കുട്ടികൾക്ക് നൽകുന്നു. പണച്ചെലവില്ലാത്ത വസ്തുക്കൾ ഇതിനായി കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. അവ ഉപയോഗിച്ച്, രണ്ടാം ദിവസം ബൈബിൾ മേശപ്പുറത്തുവച്ച് അലങ്കരിക്കുന്നു. ബൈബിൾ ചുംബിക്കാനും ആദരവോടെ കയ്യിലെടുക്കാനും വായിക്കാനും അവസരം നൽകുന്നു.



# 2

# അബ്രാഹത്തിന്റെ വിളി

## I. ആമുഖം

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ ചരിത്രം വിവരിക്കുന്ന പാഠമാണിത്. ദൈവം അബ്രാഹത്തെ വിളിക്കുന്നതു മുതലുള്ള സംഭവപരമ്പരകൾ ഇതിൽ വിവരിക്കുന്നു. വിശ്വാസത്തിന്റെ പ്രാധാന്യം ഗ്രഹിക്കാനും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാനും ഈ പാഠം കുട്ടികളെ സഹായിക്കണം. വിശ്വാസത്തിൽ അടിയുറച്ചുവളരാൻ കുട്ടികൾക്ക് പരിശീലനം നൽകാൻ ഉപകരിക്കുന്ന പാഠമാണിത്

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ദൈവത്തിൽ വിശ്വസിക്കുന്നവരുടെ മാതൃകയാണ് അബ്രാഹം.
- ദൈവത്തിന്റെ വാക്ക് വിശ്വസിച്ച് അനുസരണം പാലിച്ചതിനാലാണ് അബ്രാഹം അനുഗൃഹീതനായത്.

### b) മനോഭാവം

- അബ്രാഹത്തെ അനുകരിച്ച് നാം വിശ്വാസത്തിൽ ഉറപ്പു നേടേണ്ടവരാണ്.
- ഏതു പ്രതികൂലസാഹചര്യത്തിലും നാം വിശ്വാസത്തിൽ നിലകൊള്ളേണ്ടവരാണ്.

### c) ശീലം

- ഞാൻ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ കല്പനകൾ അനുസരിക്കും.

## III. ബോധനോപാധികൾ

മൊബൈൽ ഫോൺ, ടെലഫോണിന്റെ ചിത്രം, മൈക്കിന്റെ ചിത്രം, പലസാഹചര്യങ്ങളിൽ പലവിധത്തിൽ മറ്റുള്ളവരെ വിളിക്കുന്ന തിന്റെ ചിത്രങ്ങൾ, പാഠപുസ്തകം, ബൈബിൾ

## IV. പാഠാവതരണം

'വിളിയും വിധവും' എന്ന പ്രവർത്തനത്തിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

ക്ലാസ്സിൽ കൊണ്ടുവന്നിട്ടുള്ള ബോധനോപകരണങ്ങൾ കുട്ടിക ളെ കാണിക്കുന്നു. അവ വിശദീകരിച്ച് പലതരം വിളികളെക്കുറിച്ച് ലഘു ചർച്ച നടത്തുന്നു. കുട്ടികൾ ഇവയിൽ പലതും ഉപയോഗിക്കുന്നവരാ കാം. ഫോൺവിളിക്ക് മറുപടി നൽകുന്നത് എങ്ങനെയെന്ന് വിശ ദീകരിക്കുന്നു. ഒരു യോഗത്തിൽ മൈക്കിൽ കൂടി ഒരാളെ പേരുവിളിച്ചു ക്ഷണിച്ചാൽ മറുപടി നൽകേണ്ടത് വേദിയിൽ ചെന്നുകൊണ്ടാണ്. കൂട്ടുകാർ വിളിക്കുന്നതും അധ്യാപകർ വിളിക്കുന്നതും ഒരു പോലെയല്ല. പപ്പയോടും വികാരിയച്ചനോടും വിളി കേൾക്കുന്നത് ഒരു പോലെയല്ലല്ലോ. ഇത്തരത്തിൽ പലതരം വിളികളും വിളികേൾക്ക ലുകളും പരിചയപ്പെടുത്തിയ ശേഷം ദൈവം വിളിച്ചതും അബ്രാഹം വിളികേട്ടതും എങ്ങനെയെന്ന് മസ്സിലാക്കാൻ പാഠത്തിലേയ്ക്കു പ്രവേശിക്കാം.

## V. പാഠബന്ധിതപ്രർത്തനങ്ങൾ

N.B നമുക്കു പ്രാർത്ഥിക്കാം. നമുക്കു പാടാം, ദൈവവചനം വായിക്കാം വിവരിക്കാം, വഴികാട്ടാൻ ഒരു തിരുവചനം, എന്റെ തീരുമാനം എന്നിവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഒന്നാമത്തെ പാഠത്തിൽ കൊടുത്തിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

### നമുക്ക് പ്രവർത്തിക്കാം

ഭൂപടത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി അടയാളപ്പെടുത്താൻ വ്യക്തിപരമായോ ഗ്രൂപ്പായോ അവസരം നൽകാം. കുട്ടികൾക്കു സാധിക്കാതെ വന്നാൽ മാത്രം ടീച്ചർ ഇടപെട്ടാൽ മതി.

### ഉത്തരം കണ്ടെത്താം

1. വലിയ ജനതയുടെ പിതാവ്



2. പേജ് 17 ഖണ്ഡിക 2
3. പേജ് 17 ഖണ്ഡിക 4
4. പേജ് 19 ഖണ്ഡിക 1
5. പേജ് 19 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### റോൾ പ്ലേ

അബ്രാഹം ഇസഹാക്കിനെ ബലികഴിക്കാൻ കൊണ്ടുപോകുന്ന സന്ദർഭം റോൾപ്ലേ ആയി അവതരിപ്പിക്കാൻ അവസരം നൽകാം. അബ്രാഹം, ഇസഹാക്ക്, ദൈവദൂതൻ എന്നീ കഥാപാത്രങ്ങൾ വേണം. ഡയലോഗുകൾ കുട്ടികൾക്ക് പറഞ്ഞുകൊടുത്താൽ മതി, വലിയ ഒരുക്കം കൂടാതെ തന്നെ ഇതു ചെയ്യാം.

### കഥാവേള

ഉല്പത്തി 22:1-18 വായിച്ച് ഒരുങ്ങിവരാൻ ആവശ്യപ്പെടുന്നു. ആ ഭാഗത്ത് പ്രതിപാദിക്കുന്ന കഥ ആകർഷകമായി പറയാൻ അവസരമേകുന്നു. നന്നായി പറയുന്ന കുട്ടിക്കോ ഗ്രൂപ്പിനോ പോയിന്റ് നൽകാം.

# 3

# ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്

## I. ആമുഖം

അബ്രാഹത്തിന്റെ സന്തതിപരമ്പര എങ്ങനെ ഇസ്രായേൽ ജനമായി രൂപപ്പെട്ടു എന്നു വിവരിക്കുന്ന പാഠമാണിത്. ദൈവം ഒരു ജനതയെ സ്വന്തം ജനമാക്കി മാറ്റുകയും അവരെ പ്രത്യേകമായി നയിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയെക്കുറിച്ച് മനസ്സിലാക്കാൻ ഈ പാഠം സഹായിക്കും. ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതി നടപ്പിലാവുന്നതിനെ സംബന്ധിച്ചുള്ള പ്രാഥമിക ചിന്തകൾ കുട്ടികൾക്ക് നൽകാൻ ഈ പാഠം ഉപയോഗിക്കാം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ദൈവത്തിന്റെ സ്വന്തം ജനമാണ് ഇസ്രായേൽ
- നമ്മെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്

### b) മനോഭാവം

- ദൈവിക പദ്ധതിയോട് യോജിച്ചു പ്രവർത്തിക്കേണ്ടവരാണ് നാം
- അസാധാരണമായ അനുഭവങ്ങളിലും നാം ദൈവത്തോട് ചേർന്നുനിൽക്കണം

### c) ശീലം

- ദൈവവുമായുള്ള ബന്ധം നിലനിർത്തുന്നതിനായി എന്റെ നേട്ടങ്ങൾ പോലും വേണ്ടിവന്നാൽ ഉപേക്ഷിക്കും



## III. ബോധനോപാധികൾ

വിവിധ നേതാക്കളുടെ ചിത്രങ്ങൾ, മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്യുന്നതിന്റെ ഫോട്ടോ, സ്ക്കൂൾ അസംബ്ലിക്ക് നേതൃത്വം നൽകുന്ന ലീഡറിന്റെ ചിത്രം, കുട്ടികളുടെ ബൈബിൾ, ബൈബിൾ ചിത്രകഥ.

## IV. പാഠാവതരണം

ബോധനോപാധികളായ ചിത്രങ്ങളുടെ സഹായത്തോടെ നടത്തുന്ന ചർച്ചയിലൂടെ പാഠം അവതരിപ്പിക്കാം

പൊതു തെരഞ്ഞെടുപ്പുകളെക്കുറിച്ച് കുട്ടികൾക്കറിയാം. അവ ചർച്ചാവിഷയമാക്കുന്നു. അങ്ങനെ ഉയർന്നുവരുന്ന നേതാക്കളുടെ ഫോട്ടോകൾ കാണിച്ച് ചർച്ച തുടരുന്നു, ക്ലാസ്സ് ലീഡർ, സ്കൂൾ ലീഡർ തെരഞ്ഞെടുപ്പുകളും പരാമർശിക്കുന്നു. തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യം, പ്രത്യേകത എന്നിവ വിശദമാക്കുന്നു. ദൈവം തെരഞ്ഞെടുത്ത വ്യക്തിയായ അബ്രാഹത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. അതിനു തുടർച്ചയായി ദൈവം തെരഞ്ഞെടുത്ത ജനതയെ അവതരിപ്പിക്കാൻ പാഠത്തിലേക്ക് പ്രവേശിക്കുന്നു

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

**നമുക്കു പൊരുത്തപ്പെടുത്താം**

| | |
|---|---|
| ഇസ്രായേൽ | അരുവി |
| ബഥേൽ | ദൈവത്തോട് മല്ലടിക്കുന്നവൻ |
| യാബോക്ക് | ദൈവത്തിന്റെ ഭവനം |
| ഇസഹാക്ക് | കടിഞ്ഞൂലവകാശം |
| ഏസാവ് | യാക്കോബിന്റെ പിതാവ് |

**ഉത്തരം കണ്ടെത്താം**

1. പേജ് 23 ഖണ്ഡിക 3
2. ദൈവത്തിന്റെ ഭവനം
3. ഇസ്രായേൽ

4. പേജ് 26 ഖണ്ഡിക 1

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### കഥയരങ്ങ്

പാഠഭാഗത്തെ സംഭവങ്ങൾ വിവരിക്കുന്ന കഥകൾ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ബൈബിൾ ചിത്രകഥകൾ, കുട്ടികളുടെ ബൈബിൾ എന്നിവ മുൻകൂട്ടി കുട്ടികൾക്കു നൽകിയാൽ കഥയരങ്ങ് എളുപ്പത്തിൽ നടത്താം.

### സന്ദേശം കണ്ടെത്താം

ഒരു കുട്ടിയോ ഒരു ഗ്രൂപ്പോ കഥയരങ്ങളിൽ അവതരിപ്പിക്കുന്ന കഥയുടെ സന്ദേശം കണ്ടെത്തി പറയാൻ മറ്റു കുട്ടികൾക്കോ ഗ്രൂപ്പുകൾക്കോ അവസരം നൽകുന്നു. സന്ദേശം തെറ്റിപ്പോവുകയോ അവ്യക്തമാവുകയോ ചെയ്താൽ ടീച്ചർ ഇടപെട്ട് ശരിയായ സന്ദേശം പകരാൻ ശ്രദ്ധിക്കണം.



# 4

# ഇസ്രായേൽ ജനത ഈജിപ്തിൽ

## I. ആമുഖം

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ ചരിത്രം വിവരിക്കുന്ന പാഠമാണിത്. ദൈവം അബ്രാഹത്തെ വിളിക്കുന്നതു മുതലുള്ള സംഭവപരമ്പരകൾ ഇതിൽ വിവരിക്കുന്നു. വിശ്വാസത്തിന്റെ പ്രാധാന്യം ഗ്രഹിക്കാനും വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാനും ഈ പാഠം കുട്ടികളെ സഹായിക്കണം. വിശ്വാസത്തിൽ അടിയുറച്ചുവളരാൻ കുട്ടികൾക്ക് പരിശീലനം നൽകാൻ ഉപകരിക്കുന്ന പാഠമാണിത്

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോധ്യം

- ദൈവത്തിൽ വിശ്വാസിക്കുന്നവരുടെ മാതൃകയാണ് അബ്രാഹം
- ദൈവത്തിന്റെ വാക്ക് വിശ്വസിച്ച് അനുസരണം പാലിച്ചതിനാലാണ് അബ്രാഹം അനുഗൃഹീതനായത്

### b) മനോഭാവം

- അബ്രാഹത്തെ അനുകരിച്ച് നാം വിശ്വാസത്തിൽ ഉറപ്പു നേടേണ്ടവരാണ്
- ഏതു പ്രതികൂലസാഹചര്യത്തിലും നാം വിശ്വാസത്തിൽ നിലക്കൊള്ളേണ്ടവരാണ്.

### c) ശീലം

- ഞാൻ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ കല്പനകൾ അനുസരിക്കും.

## III. ബോധനോപാധികൾ

പാഠപുസ്തകം, ബൈബിൾ കഥകൾ കുട്ടികൾക്ക്, ചാർട്ട്പേപ്പർ

## IV. പാഠാവതരണം

'സ്വപ്നം പറയാം' എന്ന പ്രവർത്തനത്തിലൂടെ പാഠാവതരണം നിർവ്വഹിക്കാം.

കുട്ടികളോട് അവരവർ കണ്ടിട്ടുള്ള ഓരോ സ്വപ്നം ഓർമ്മിച്ചുപറയാൻ ആവശ്യപ്പെടുന്നു. അവയുടെ അർത്ഥം പറയാൻ അവസരം നൽകുന്നു. സ്വപ്നവിശകലനത്തിന്റെ പ്രാധാന്യം ടീച്ചർ പറയുന്നു. പ്രധാനവ്യക്തികളുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള സുപ്രസിദ്ധ സ്വപ്നങ്ങളെക്കുറിച്ച് വിവരിക്കുന്നു. ഫറവോ രാജാവ് കണ്ട സ്വപ്നത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കുന്നു.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമിയോ, തോമസ്, മത്തായി, യാക്കോബ്, തദേവൂസ്, ശിമയോൻ, യൂദാസ് (മത്താ 10:2-4)

### ഉത്തരം കണ്ടെത്താം

1. പേജ് 30 അവസാനഖണ്ഡിക
2. പേജ് 31 ഖണ്ഡിക 3
3. പേജ് 32 ഖണ്ഡിക 1
4. പേജ് 32 ഖണ്ഡിക 3
5. പേജ് 32 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### സ്വപ്നം താരതമ്യപ്പെടുത്താം

ഫറവോ കണ്ട രണ്ടു സ്വപ്നങ്ങളും ക്ലാസ്സിൽ വിശദമായി അവതരിപ്പിക്കുന്നു. അവ തമ്മിലുള്ള സാദൃശ്യങ്ങളും വ്യത്യാസങ്ങളും



കണ്ടെത്താൻ ആവശ്യപ്പെടുന്നു. അവ പട്ടികയായി ബോർഡിൽ രേഖപ്പെടുത്തുന്നു.

### കഥാപാത്രത്തെ അടുത്തറിയാം

ജോസഫ് എന്ന പഴയനിയമകഥാപാത്രത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക, ജോസഫിന്റെ സ്വഭാവത്തിലെ പ്രത്യേകതകൾ കണ്ടെത്തുക. അവ പൊതുവായി അവതരിപ്പിക്കുക. ജോസഫിന്റെ ഏതെല്ലാം ഗുണങ്ങൾ സ്വീകരിക്കാമെന്ന് തീരുമാനിക്കുക.

### ചാർട്ട് തയ്യാറാക്കാം

പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പേരുകൾ ചാർട്ടുപേപ്പറിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

# 5
# വിമോചകനായ മോശ

## I. ആമുഖം

ഇസ്രായേൽക്കാർക്ക് ഈജിപ്തിൽ അനുഭവിക്കേണ്ടിവന്ന അടിമത്തം, അവരെ അതിൽ നിന്ന് മോചിപ്പിക്കാൻ നേതൃത്വം നൽകിയ മോശയുടെ ചരിത്രം എന്നിവയാണ് ഈ പാഠത്തിലെ ഉള്ളടക്കം. മോശയെ വിളിക്കുകയും ശക്തിപ്പെടുത്തുകയും വഴിനടത്തുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ച് ഈ പാഠത്തിൽ പഠിക്കാം. ദൈവം നമ്മെയും ഈ വിധത്തിൽ പരിപാലിക്കുന്നു എന്ന സന്ദേശം കൈമാറാൻ ഉപകരിക്കുന്നതാണ് ഈ പാഠം.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a. ബോദ്ധ്യം

- ◆ ദൈവം മോശയെ ദൗത്യം ഏല്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു.
- ◆ ആപത്തുകൾക്കും നടുവിലും ദൈവം നമ്മെ രക്ഷിക്കാൻ തയ്യാറാണ്.

### b. മനോഭാവം

- ◆ ദൈവത്തിന്റെ പദ്ധതികൾ നടപ്പിലാക്കാൻ നമ്മുടെ സഹകരണം നാം നൽകണം.
- ◆ കഷ്ടപ്പാടുകളുടെ മധ്യത്തിലും രക്ഷയിലേക്കു നയിക്കുന്ന ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം.



### c. ശീലം

- ◆ മാതാപിതാക്കൾ എന്നെ ഏല്പിക്കുന്ന ചുമതലകൾ നിറവേറ്റാൻ ഞാൻ പരിശ്രമിക്കും.

## III. ബോധനോപാധികൾ

ബൈബിൾ കഥകൾ കുട്ടികൾക്ക്, പേപ്പർസ്ലിപ്പുകൾ, ചാർട്ടു പേപ്പർ

## IV. പാഠാവതരണം

'സുഖവും ദുഃഖവും' എന്ന ചെറിയ പ്രവർത്തനത്തിലൂടെ പാഠം അവതരിപ്പിക്കാം.

ടീച്ചർ കരുതിയിട്ടുള്ള പേപ്പർസ്ലിപ്പുകളിൽ താഴെപ്പറയുന്നതു പോലെ വിരുദ്ധ സംഗതികളടങ്ങിയ പദങ്ങൾ എഴുതുക.

| | | |
|---|---|---|
| സുഖം | - | ദുഃഖം |
| പകൽ | - | രാത്രി |
| സന്തോഷം | - | സങ്കടം |
| ഇരുട്ട് | - | വെളിച്ചം |
| ഉയർച്ച | - | താഴ്ച |
| നന്മ | - | തിന്മ |

പദങ്ങളെഴുതിയ പേപ്പർ സ്ലിപ്പുകൾ ഓരോന്ന് കുട്ടികൾക്ക് വിതരണം ചെയ്യുന്നു. കിട്ടിയ പദം വായിച്ച് യോജിക്കുന്ന പദമുള്ള ആളെ കണ്ടെത്തി രണ്ടുപേർ വീതമുള്ള ഗ്രൂപ്പുകളാകുന്നു. ഇതു പോലുള്ള വിരുദ്ധസംഗതികൾ ജീവിതത്തിന്റെ ഭാഗമാണെന്ന് വിശദമാക്കുന്നു. ഇസ്രായേലിന്റെ ചരിത്രത്തിൽ ഈ രണ്ടു ഘട്ടങ്ങൾ വിവരിക്കുന്നു. തുടർന്ന് പാഠത്തിലേക്ക് പ്രവേശിക്കുന്നു.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

പാഠപുസ്തകത്തിലെ ഭൂപടം വലിയ ചാർട്ടിൽ വരച്ച് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നതു നല്ലതാണ്.

### ഉത്തരം കണ്ടെത്താം

1. വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ
2. ഹോറബ് മലയിൽവച്ച്
3. പേജ് 38 ഖണ്ഡിക. 2
4. അഹറോനെ,
5. പേജ് 40 ഖണ്ഡിക 1

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### റോൾപ്ലേ

മോശയുടെ മാതാവ് ശിശുവായ മോശയെ വെള്ളത്തിൽ ഉപേക്ഷിക്കുന്നതും രാജകുമാരി കണ്ടെടുത്ത് വളർത്തുന്നതും റോൾപ്ലേയായി അവതരിപ്പിക്കുന്നത്, ആ സംഭവം കുട്ടികളുടെ മനസ്സിൽ പതിയാൻ ഇടയാക്കും.

മോശയുടെ അമ്മ, സഹായിയായ പെൺകുട്ടി, രാജകുമാരി, രണ്ടു തോഴിമാർ എന്നീ കഥാപാത്രങ്ങൾ മതിയാകും. വലിയ വേഷവിധാനമൊന്നും കൂടാതെ സ്വഭാവികമായി അഭിനയിക്കാൻ നിർദ്ദേശിച്ചാൽ മതി.

### പ്രശ്നോത്തരി

പുറപ്പാട് 1 മുതൽ 6 വരെ അധ്യായങ്ങളെ അടിസ്ഥാനമാക്കി പ്രശ്നോത്തരി നടത്താം. ആദ്യദിവസം നിർദ്ദേശം നൽകി അയച്ചിട്ട് രണ്ടാംദിവസം പ്രശ്നോത്തരി നടത്തിയാൽ മതി. ചെറിയ ഉത്തരങ്ങൾ വരുന്ന ചോദ്യങ്ങളാണ് ഉചിതം. ശരിയുത്തരം പറയുന്നവർക്ക് പോയിന്റു നൽകി, ഒടുവിൽ സമ്മാനങ്ങൾ നൽകാം.



# 6
# സ്വാതന്ത്ര്യത്തിലേയ്ക്ക്

## I. ആമുഖം

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് ഇസ്രായേൽ ജനതയെ ദൈവം മോചിപ്പിക്കുന്നതാണ് ഈ പാഠത്തിന്റെ പ്രതിപാദ്യം. ദൈവം നേരിട്ട് ഇടപെടുകയും ഇസ്രായേലിന്റ പ്രതിസന്ധികളിൽ സഹായമേകുകയും ചെയ്യുന്നു. ക്ലേശങ്ങളുടെ ഒടുവിൽ അവർക്ക് മോചനം ലഭിക്കുന്നു. പാപത്തിന്റെ ബന്ധനത്തിൽനിന്ന് ദൈവം നമ്മെയും മോചിപ്പിക്കുമെന്ന സന്ദേശംകൂടി ഈ പാഠം നൽകുന്നുണ്ട്.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- നമ്മെ രക്ഷിക്കാൻ ദൈവം മറ്റുള്ളവരിലൂടെ പ്രവർത്തിക്കും.
- ഈശോയെ നൽകിക്കൊണ്ട് ദൈവം നമ്മെ പാപത്തിൽ നിന്ന് മോചിപ്പിച്ചു.

### b) മനോഭാവം

- ദൈവത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ നാം കടപ്പെട്ടവരാണ്.
- നമ്മുടെ രക്ഷകനായി ഈശോയെ നൽകിയ ദൈവത്തെ നാം കൂടുതലായി സ്നേഹിക്കുണം.

### c) ശീലം

- പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കാൻ ഞാൻ ദൈവത്തിൽ ആശ്രയിക്കും.

## II. ബോധനോപാധികൾ

ഒടുവിലത്തെ അത്താഴത്തിന്റെ വലിയ ചിത്രം, ചാർട്ടുപേപ്പർ, പത്തുബാധകൾ അവതരിപ്പിക്കുന്ന ചിത്രങ്ങൾ.

## IV. പാഠാവതരണം

ഒരു ചർച്ചയിലൂടെ പാഠം അവതരിപ്പിക്കാം.

വീട്ടിൽ വിശേഷാവസരങ്ങളിൽ ആഹാരം കഴിക്കുന്നതിലും പ്രത്യേകതകൾ ഉണ്ടല്ലോ. എന്നാൽ വർഷംതോറും ഒരു ദിവസം പ്രാർത്ഥനയോടെ, പ്രത്യേക ചടങ്ങുകളോടെ വീട്ടിലെ എല്ലാവരും ചേർന്ന് ആഹാരം കഴിക്കുന്നുണ്ട്. ഏതാണ് ആ ദിവസം? ടീച്ചർ ആവശ്യമെങ്കിൽ കൂടുതൽ സൂചനകൾ നൽക്കുന്നു. കുട്ടികൾ 'പെസഹ' എന്ന ഉത്തരം നൽക്കുന്നു. പെസഹായെക്കുറിച്ച് വിശദീകരിക്കുന്നു. അതിൽ നിന്ന് പഴയനിയമത്തിലെ പെസഹായെക്കുറിച്ച് പറയുന്നു. അതിലൂടെ പാഠത്തിലേക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

സംഭവിച്ച ക്രമത്തിൽ നമ്പർ എഴുതുക

1 3 2 4 7 6 9 5 10 8

### ഉത്തരം കണ്ടെത്താം

1. പേജ് 42. ഖണ്ഡിക 2
2. പേജ് 43. ഖണ്ഡിക 2
3. പേജ് 44. ഖണ്ഡിക 2
4. ആദ്യജാതരുടെ മരണം
5. കടന്നുപോകൽ
6. പേജ് 46 ഖണ്ഡിക 1

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ചാർട്ടിലെഴുതാം

ദൈവം ഈജിപ്തിനുമേൽ അയച്ച പത്തുബാധകൾ ഒരു ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കാം.



### വിശദീകരിച്ചു പറയാം

പത്തു ബാധകൾ ഓരോ ഗ്രൂപ്പിനുമായി വീതിച്ചു നൽകുന്നു. അവർ കിട്ടിയ ബാധകളെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തുന്നു. ഓരോ ബാധയും അയക്കുമ്പോൾ സംഭവിക്കുന്ന പ്രയാസങ്ങൾ വിവരിക്കണം. അത് ഓരോ ഗ്രൂപ്പും ക്ലാസ്സിൽ പൊതുവായി അവതരിപ്പിക്കണം. ടീച്ചറിന്റെ സഹായം ആവശ്യമെങ്കിൽ നൽകണം. ബാധകളുടെ തീവ്രതയും ഗൗരവവും കുട്ടികളുടെ മനസ്സിൽ പതിയാൻ ഇതു സഹായിക്കും.

# 7
# മരുഭൂമിയിലൂടെ

## I. ആമുഖം

ചെങ്കടൽ കടന്ന് ഇസ്രായേൽ ജനം മരുഭൂമിയിലൂടെ യാത്ര ചെയ്യുന്നതാണ് ഈ പാഠത്തിൽ വിവരിക്കുന്നത്. പല വിഷമസന്ധികളും അവർക്ക് നേരിടേണ്ടി വരുന്നുണ്ട്. എന്നാൽ അപ്പോഴൊക്കെ ദൈവം ഇടപെട്ട് അവരെ സഹായിക്കുന്നു. കാടപ്പക്ഷിയും മന്നയുമൊക്കെ ഉദാഹരണങ്ങളാണ്. ദൈവം നമ്മുടെ കൂടെ നടക്കുന്നവനാണ് എന്ന അവബോധം കുട്ടികളിൽ ജനിപ്പിക്കാൻ ഈ പാഠം ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ഇസ്രായേലിന്റെ വിഷമഘട്ടങ്ങളിൽ ദൈവം സഹായം നൽകി
- സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി യാത്രചെയ്യുന്ന തീർത്ഥാടകരാണ് നമ്മൾ

### b) മനോഭാവം

- എപ്പോഴും നമ്മെ വഴിനടത്തുന്ന ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം
- ദൈവത്തോടു ചേർന്നു നടന്നാൽ നമുക്ക് ഒന്നിനെയും ഭയപ്പെടേണ്ടിവരില്ല.

### c) ശീലം

- ദൈവം കാണിച്ചുതരുന്ന വഴികളിലൂടെ സഞ്ചരിക്കാൻ ഞാൻ ശ്രമിക്കും.



## III. ബോധനോപാധികൾ

ചാർട്ടുപേപ്പർ, പലതരം യാത്രകളുടെ ചിത്രങ്ങൾ, സമ്പൂർണ്ണ ബൈബിൾ, ബൈബിൾ കഥകൾ

## IV. പാഠാവതരണം

ക്ലാസ്സിലുള്ള കുട്ടികളെ ഈരണ്ടു പേരുടെ ഗ്രൂപ്പുകളായി തിരിക്കുക. അവരോട് പരസ്പരം തങ്ങൾ നടത്തിയ ഒരു യാത്രയുടെ വിശേഷം ക്ലാസ്സിൽ പൊതുവായി പറയാൻ അവസരം നൽകുക. കുട്ടികൾ ഉത്സാഹത്തോടെ യാത്രവിശേഷങ്ങൾ പറയും. അതുപോലെ ഇസ്രായേൽ ജനം നടത്തിയ യാത്രയുടെ കഥയാണ് പാഠഭാഗത്തിലുള്ളത്. ഒത്തിരി പ്രത്യേകതകളുള്ള യാത്രയാണ്. അത് വിശദീകരിച്ചുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

പുറപ്പാട് 15:1-2 ഭാഗം ചാർട്ടിൽ വലുതായി എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നത് നല്ലതാണ്. പ്രസ്തുതഭാഗം ക്ലാസ്സിൽ ഗ്രൂപ്പായി ഉറക്കെ വായിക്കാൻ ആവശ്യപ്പെടുകയുമാവാം. 15-ാം അധ്യായത്തിലെ 1 മുതൽ 21 വരെയുള്ള വാക്യങ്ങൾ ടീച്ചർ വായിച്ച് കേൾപ്പിക്കുന്നതും അഭികാമ്യമാണ്.

### ഉത്തരം കണ്ടെത്താം

1. പേജ് 49 ഖണ്ഡിക 1
2. മന്നായും കാടപ്പക്ഷികളും
3. ഇതെന്ത്?
4. പേജ് 52. ഖണ്ഡിക 1
5. പേജ് 53 ഖണ്ഡിക 1

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### യാത്രാ വിവരണമെഴുതാം

കുട്ടികൾ നടത്തിയിട്ടുള്ള ഏതെങ്കിലുമൊരു യാത്രയുടെ വിവര

ണമെഴുതട്ടെ. വിശദമായി എഴുതാൻ ആവശ്യപ്പെടണം. ടീച്ചർ അവ പരിശോധിക്കണം. മെച്ചപ്പെട്ടവ ക്ലാസ്സിൽ പൊതുവായി വായിക്കുകയും പോയിന്റും സമ്മാനവും നൽകുകയും ചെയ്യാം.

**ഇഷ്ടപ്പെട്ട കഥ**

പാഠഭാഗത്തെ ആസ്പദമാക്കിയുള്ള ബൈബിൾ ഭാഗം വായിക്കാൻ ആവശ്യപ്പെടുന്നു. അതിലുള്ള ചെറിയ കഥകൾ ശ്രദ്ധിക്കാനും അവയിൽ ഇഷ്ടപ്പെട്ടവ ക്ലാസ്സിൽ പറയാനും അവസരം നൽകുന്നു. ബൈബിൾ കഥകളുടെ പുസ്തകം വായിക്കാൻ കൊടുക്കുന്നത് അഭികാമ്യമാണ്.



# 8
# സീനായ് ഉടമ്പടി

## I. ആമുഖം

കാനാൻദേശത്തേയ്ക്കുള്ള യാത്രയ്ക്കിടയിൽ സീനായ് മലയിൽ വച്ച് ദൈവം ഇസ്രായേൽക്കാരുമായി ഉടമ്പടി ചെയ്തതിന്റെ വിവരണമാണ് ഈ പാഠത്തിലുള്ളത്. പത്തുപ്രമാണങ്ങൾ ദൈവം നൽകുന്നതും ഇതിൽ വിവരിച്ചിരിക്കുന്നു. ഈശോ നൽകിയ സ്നേഹത്തിന്റെ കല്പന, പത്തുപ്രമാണങ്ങളുടെ തുടർച്ചയാണെന്ന് ഗ്രഹിക്കുവാൻ ഈ പാഠം സഹായിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ദൈവം മോശവഴി ദൈവജനത്തിന് കല്പനകൾ നല്കി.
- ഈശോ സ്നേഹത്തിന്റെ പുതിയ കല്പന നൽകി.

### b) മനോഭാവം

- ദൈവജനം ദൈവകല്പനകൾ അനുസരിക്കാൻ കടപ്പെട്ടവരാണ്
- ഈശോയുടെ സ്നേഹത്തിന്റെ കല്പന നാം എപ്പോഴും പാലിക്കാൻ ഉത്സാഹിക്കേണ്ടവരാണ്.

### c) ശീലം

- ദൈവകല്പനകൾ പാലിച്ച് ഞാൻ ദൈവപുത്രനായി/ പുത്രിയായി ജീവിക്കും,

## III. ബോധനോപാധികൾ

കാർഡുകൾ, ചാർട്ടുപേപ്പർ, സമ്പൂർണ്ണബൈബിൾ, ബൈബിൾ കഥകൾ

# IV. പാഠാവതരണം

നിയമങ്ങളെക്കുറിച്ചുള്ള ഒരു ചർച്ചയിലൂടെ പാഠാവതരണം നടത്താം.

പല സ്ഥലങ്ങളിലും നിയമങ്ങൾ ഉണ്ടല്ലോ. സ്ക്കൂളിൽ നിയമങ്ങൾ ഉണ്ട്. പള്ളിയിൽ ചില നിയമങ്ങൾ അനുസരിക്കണം. പൊതുസ്ഥലങ്ങ ളിലുമുണ്ട് നിയമങ്ങൾ. അവ ഏതൊക്കെയാണ്?

പുകവലി പാടില്ല, ക്യൂ പാലിക്കുക, ചെരിപ്പ് പുറത്തിടുക, പരി സരം വൃത്തിയായി സൂക്ഷിക്കുക, സാവധാനം നടക്കുക എന്നിങ്ങനെ യുള്ള നിർദ്ദേശരൂപത്തിലുള്ള നിയമങ്ങൾ കുട്ടികൾ പങ്കുവയ്ക്കും. അവ ടീച്ചർ വിശദീകരിക്കുന്നു. ഈലോക ജീവിതത്തിൽ ദൈവം നൽകിയ നിയമങ്ങളാണ് കല്പനകൾ എന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് പാഠത്തി ലേയ്ക്കു കടക്കാം.

# V. പാഠബന്ധിത പ്രവർത്തനങ്ങൾ

## നമുക്ക് പ്രവർത്തിക്കാം

പത്തുപ്രമാണങ്ങൾ കുട്ടികൾ ഇതിനകം മനഃപാഠമാക്കിയതാണ്. അവ 10 കാർഡുകളിൽ എഴുതാം. കാർഡുകൾ 10 പേർ പിടിക്കട്ടെ. ക്ലാസ്സിൽ നിരന്നു നിൽക്കട്ടെ. ആർക്കെങ്കിലും പ്രമാണങ്ങൾ നിശ്ചയക്കു റവുണ്ടെങ്കിൽ ഈ പ്രവർത്തനത്തിലൂടെ അതു പരിഹരിക്കാം.

പാഠപുസ്തകത്തിൽ നിർദ്ദിഷ്ടസ്ഥലത്ത് കുട്ടികൾ പ്രമാണ ങ്ങൾ എഴുതട്ടെ. ടീച്ചർ അവ പരിശോധിക്കണം.

## ഉത്തരം കണ്ടെത്താം

1. പേജ് 56 ഖണ്ഡിക.2
2. സീനായ് മലയിൽ വച്ച്
3. 
4. പേജ് 59 ഖണ്ഡിക5

# VI. അനുബന്ധിത പ്രവർത്തനങ്ങൾ

## കല്പലകകളിലെ കല്പനകൾ

കല്പലകകളുടെ ആകൃതിയിൽ വെട്ടിയെടുത്ത രണ്ടു കാർഡു



കളിലായി 10 കല്പനകൾ എഴുതുക. വലിപ്പത്തിൽ തയ്യാറാക്കിയ ഈ കാർഡുകൾ ക്ലാസ്സിൽ സ്ഥാപിക്കുക.

## ക്ലാസ്സിലെ നിയമങ്ങൾ

ക്ലാസ്സിൽ നിയമങ്ങൾ ആവശ്യമില്ലേ? കുട്ടികളുമൊത്ത് ടീച്ചർ ഇക്കാര്യം ചർച്ച ചെയ്യുക. ഏതാനും നിയമങ്ങൾ കണ്ടെത്തി അവ എഴുതി തയ്യാറാക്കി ക്ലാസ്സിൽ തൂക്കിയിടുക. ഉദാ: 1) ക്ലാസ്സിൽ വരുന്ന മുതിർന്നവർക്ക് സ്തുതി ചൊല്ലുക. 2) ഹാജർ വിളിക്കുമ്പോൾ ഒരു ദൈവവചനം പറയുക

## സ്നേഹം സ്നേഹം....

സ്നേഹത്തെക്കുറിച്ചുള്ള കഥകൾ, കവിതാശകലങ്ങൾ, ഉദ്ധര ണികൾ എന്നിവ ശേഖരിക്കാൻ ആവശ്യപ്പെടുക. അവ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുക.

# 9

# ഉടമ്പടിയുടെ ജനം

## I. ആമുഖം

ഉടമ്പടിയുടെ ജനമായ ഇസ്രായേൽ എങ്ങനെ ജീവിക്കണമെന്ന് ദൈവം വിശദമാക്കുന്നു. ഇസ്രായേൽക്കാരുടെ പ്രത്യേകതകൾ ഈ പാഠത്തിൽ അക്കമിട്ടു പറയുന്നുണ്ട്. ദൈവകല്പനകൾ അനുസരിക്കാൻ കടപ്പെട്ടിരുന്ന ഇസ്രായേൽക്കാരെപ്പോലെ സഭാമക്കളായ നമ്മളും ദൈവത്തിന്റെയും സഭയുടെയും കല്പനകൾ അനുസരിച്ച് ജീവിക്കാൻ കടമയുള്ളവരാണെന്ന് ഈ പാഠം അനുസ്മരിപ്പിക്കുന്നു.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ദൈവത്തിന്റെ സ്വന്തം ജനമായ ഇസ്രായേൽ ഉടമ്പടിയുടെ ജനമാണ്.
- കല്പനകൾ അനുസരിച്ചാൽ ജീവനിൽ നിലനിർക്കാം.

### b) മനോഭാവം

- ദൈവത്തിന്റെ സ്വന്തം ജനമായി നമ്മെ മാറ്റിയ ദൈവത്തോട് നാം നന്ദിയുള്ളവരായിരിക്കണം.
- ദൈവത്തിന്റെ നിയമങ്ങൾ നാം സന്തോഷത്തോടെ സ്വീകരിക്കണം.

### c) ശീലം

- ദൈവകല്പനകൾ പാലിച്ച്, ദൈവത്തിന് ഇഷ്ടപ്പെട്ട കുട്ടിയായി ഞാൻ ജീവിക്കും.



## III. ബോധനോപാധികൾ

ചാർട്ടുപേപ്പർ, സമ്പൂർണ്ണബൈബിൾ, ബൈബിൾ ചിത്രകഥ.

## IV. പാഠാവതരണം

പാഠഭാഗത്തെ ഒരു കഥ ആകർഷകമായി അവതരിപ്പിച്ചുകൊണ്ടു തുടങ്ങാം.

ഇസ്രായേൽക്കാർ അഹറോനെ നിർബന്ധിച്ച് കാളക്കുട്ടിയെ ഉണ്ടാക്കുന്നു. ആ വിഗ്രഹത്തിനുമുമ്പിൽ നൃത്തം ചെയ്തും പാട്ടു പാടിയും ആരാധന നടത്തുന്നു. ഒടുവിൽ മോശ മലയിൽ നിന്നിറങ്ങി വരുമ്പോൾ അവരെ ശകാരിക്കുന്നു.

ദൈവം ഇത്രമേൽ സ്നേഹിച്ച്, ഒത്തിരി അനുഗ്രഹങ്ങൾ കൊടുത്താണ് ഇസ്രായേൽക്കാർക്ക്. എന്നിട്ടും അവർ ചെയ്ത അനുസരണക്കേടിനെ എടുത്തുകാട്ടുന്ന വിധത്തിൽ കഥ അവതരിപ്പിക്കണം. വിഗ്രഹാരാധന അവർ ചെയ്ത ഏറ്റവും വലിയ പാപമായി ചിത്രീകരിക്കണം. പാപത്തിന്റെ കാഠിന്യം, ശിക്ഷയുടെ ആവശ്യം, പരിഹാരമാർഗം എന്നിവയെല്ലാം വിശദീകരിച്ചുകൊണ്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

| | |
|---|---|
| 1 | 3 |
| 2 | 5 |
| 3 | 3 |
| 4 | 5 |
| 5 | 5 |
| 6 | 3 |

### ഉത്തരം കണ്ടെത്താം

1. വിഗ്രഹാരാധന
2. പേജ് 63 ഖണ്ഡിക 4
3. പേജ് 64 ഖണ്ഡിക 3

4. പേജ് 65 ഖണ്ഡിക 1
5. പേജ് 65 ഖണ്ഡിക 3
6. പേജ് 65 ഖണ്ഡിക 4

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ചാർട്ടിലെഴുതാം

തിരുസ്സഭയുടെ കല്പനകൾ വലിയ ചാർട്ടുപേപ്പറിൽ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അവ മനഃപാഠമാക്കി പറയാൻ അവസരം നൽകുന്നു.

### ചർച്ച ചെയ്യാം

ഇസ്രായേൽക്കാർക്ക് ദൈവം നൽകിയ അനുഗ്രഹങ്ങൾ ഏവ? ഇസ്രയേൽക്കാർ ദൈവത്തോടു ചെയ്ത് അനുസരണക്കേടുകൾ ഏവ? അവയ്ക്കു നൽകിയ ശിക്ഷകൾ ഏവ? അവയ്ക്കുള്ള പരിഹാരമാർഗ ങ്ങൾ ഏവ? ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ച് നടത്തുന്നു. ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ തീവ്രത വ്യക്തമാകത്തക്ക വിധം ചർച്ച നയിക്കണം.



# 10
# വാഗ്ദത്ത ഭൂമിയിൽ

## I ആമുഖം

വർഷങ്ങൾ നീണ്ടുനിന്ന ക്ലേശകരമായ യാത്രയുടെ ഒടുവിൽ ഇസ്രായേൽക്കാർ വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതാണ് ഈ പാഠത്തിന്റെ ഉള്ളടക്കം. മോശയുടെ മരണവും ജോഷയുടെ നേതൃത്വ വും ഹൃദയസ്പർശിയായി ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. സ്വർഗത്തെ ലക്ഷ്യമാക്കി ഈ ലോകത്തിൽ യാത്ര ചെയ്യുന്നവരാണ് നമ്മളെന്ന ബോദ്ധ്യം കുട്ടികളിൽ വളർത്തിയെടുക്കാൻ ഈ പാഠം ഉപകരിക്കും.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ദൈവം ഇസ്രയേൽക്കാരെ വാഗ്ദത്ത ഭൂമിയിൽ പ്രവേശിപ്പിച്ചു.
- നമ്മളും സ്വർഗമാകുന്ന വാഗ്ദത്ത ഭൂമിയിൽ എത്തി ച്ചേരേണ്ടവരാണ്.

### b) മനോഭാവം

- തടസ്സങ്ങളെല്ലാം തട്ടിമാറ്റി ഇസ്രായേൽക്കാരെ കാനാൻ ദേശത്ത് എത്തിച്ച ദൈവത്തെ നാം സ്തുതിക്കണം.
- നമുക്കായി സ്വർഗരാജ്യം വാഗ്ദാനം ചെയ്ത ഈശോയോട് നാം നന്ദിയുള്ളവരായിരിക്കണം.

### c) ശീലം

- സ്വർഗത്തിൽ എത്തിച്ചേരണമെന്ന ലക്ഷ്യത്തോടെ ഞാൻ ജീവിക്കും.

## III. ബോധനോപാധികൾ

സമ്പൂർണ്ണബൈബിൾ, പേപ്പർ സ്ലിപ്പുകൾ, ബൈബിൾ കഥകൾ

## IV. പാഠാവതരണം

ടീച്ചർ അനുഭവ വിവരണത്തിലൂടെ ക്ലാസ്സ് തുടങ്ങുന്നു. പ്രയാസ മേറിയ ഒരു കാര്യം ദൈവികസഹായത്താൽ നേടിയ അനുഭവം കുട്ടി കളുമായി പങ്കുവയ്ക്കുന്നു. വിശദമായി അനുഭവം വിവരിക്കുന്നതാണ് നല്ലത്. അതിനുശേഷം കുട്ടികളോട് ഇത്തരം അനുഭവങ്ങൾ പറയാൻ ആവശ്യപ്പെടുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് അവർ പറഞ്ഞാൽ മതി, അവ വിശദീകരിക്കാൻ ടീച്ചർ ശ്രദ്ധിക്കണം. അതേ ത്തുടർന്ന് പാഠത്തിലേക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ഭൂപടത്തിൽ ചേർത്തിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുവാൻ കുട്ടികളെ ടീച്ചർ സഹായിക്കണം. ഇസ്രായേൽ ജനത്തിന്റെ ചരിത്ര പരത ഗ്രഹിക്കുവാൻ ഇതു സഹായിക്കും.

### ഉത്തരം കണ്ടെത്താം.

1. പേജ് 69 ഖണ്ഡിക 1
2. ജോഷ്വയെ
3. പേജ് 70 അവസാന ഖണ്ഡിക
4. പേജ് 71 ഖണ്ഡിക 5

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ഏറ്റവും വലിയ ആഗ്രഹം

കുട്ടികൾക്ക് ഓരോ പേപ്പർ സ്ലിപ്പ് നൽകുന്നു. അവരോട് ഏറ്റവും വലിയ ആഗ്രഹം എന്താണെന്ന് അതിൽ എഴുതിക്കൊടുക്കാൻ ആവശ്യപ്പെടുന്നു. ടീച്ചർ അവ ശേഖരിച്ച് വായിച്ചുനോക്കുന്നു. ക്ലാസ്സിൽ അവതരിപ്പിക്കുന്നു. 'സ്വർഗ്ഗത്തിൽ എത്തിച്ചേരുക' എന്ന ആഗ്രഹം ഉണ്ടോയെന്ന് പരിശോധിച്ച്, അതിനെ വിശദീകരിക്കുക, വിശുദ്ധരുടെ ജീവിതത്തിൽ നിന്ന് ഇത്തരം ആഗ്രഹം കണ്ടെത്തി അവതരിപ്പിക്കുക.



### കണ്ടെത്തിയെഴുതാം

തേനും പാലും ഒഴുകുന്ന ദേശം - കാനാൻ ദേശം

ദൈവത്തിന്റെ സ്വന്തം നാട് - കേരളം

ഇവ തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യുക. ഇതുപോലെ വിശേ ഷണങ്ങൾ ഉള്ള നാടുകളുടെ പേരുകൾ കണ്ടെത്തി എഴുതാൻ ആവശ്യപ്പെടുന്നു.

# 11

# ഇസ്രായേലിന്റെ തിരുനാളുകൾ

## I. ആമുഖം

ഇസ്രായേൽക്കാർ ആലോഷിച്ചുപോന്ന തിരുനാളുകൾ, സഭയിലുള്ള തിരുനാളുകൾ, ഓരോ തിരുനാളിന്റെയും പ്രത്യേകതകൾ എന്നിവയെല്ലാം വിവരിക്കുന്ന പാഠമാണിത്. തിരുനാളുകളുടെ അർത്ഥവും സന്ദേശവും ഗ്രഹിക്കുന്നതിന് ഇത് ഉപകരിക്കും. അർത്ഥമറിഞ്ഞ് ആചരിക്കുമ്പോഴാണ് തിരുനാളുകൾ നമ്മുടെ ജീവിതത്തിന് ഉപകരിക്കുന്നതെന്ന സത്യം കുട്ടികൾക്കു പകർന്നുകൊടുക്കുകയും ആ വിധത്തിൽ തിരുനാളുകളിൽ പങ്കെടുക്കാൻ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യണം

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- പഴയനിയമകാലത്തും പുതിയനിയമ കാലത്തും തിരുനാളുകൾ ആചരിക്കുന്നുണ്ട്.
- തിരുനാളിന്റെ അർത്ഥം അറിഞ്ഞ് ആചരിക്കുമ്പോൾ അത് ആത്മീയവളർച്ചയ്ക്ക് ഉപകരിക്കും.

### b) മനോഭാവം

- തിരുനാൾ ആചരിക്കുന്നതിലൂടെ നാം ദൈവത്തോടുള്ള നന്ദി പ്രകടിപ്പിക്കണം
- ഓരോ തിരുനാളിന്റെയും അർത്ഥം അറിയാൻ നാം പരിശ്രമിക്കണം

### c) ശീലം

- തിരുനാളുകളിൽ ഞാൻ ഭക്തിയോടെ സംബന്ധിക്കും.



## III. ബോധനോപാധികൾ

തിരുനാൾ നോട്ടീസുകൾ, വിശുദ്ധരുടെ ചിത്രങ്ങൾ, സമ്പൂർണ്ണ ബൈബിൾ

## IV. പാഠാവതരണം

ഇടവകപ്പള്ളിയിലെ തിരുനാളിനെക്കുറിച്ച് ഒരു ലഘുചർച്ച നടത്താം.

തിരുനാൾ ഇഷ്ടമല്ലേ? എന്തുകൊണ്ട്? തിരുനാളിന്റെ പ്രധാന ഇനങ്ങൾ എന്തല്ലാമെന്ന് വിവരിക്കാൻ അവസരം നൽക്കണം. തിരുക്കർമ്മങ്ങൾ (പാട്ടു കുർബ്ബാന, ലദീഞ്ഞ്, വാഴ്‌വ്, പ്രസംഗം) പ്രദക്ഷിണം, വെടിക്കെട്ട്, കലാപരിപാടികൾ, കളിപ്പാട്ടക്കച്ചവടക്കാർ, ഐസ്ക്രീം, ബലൂൺ, ബന്ധുക്കൾ, വിഭവസമൃദ്ധമായ ഭക്ഷണം, ഉല്ലാസദിനം അങ്ങനെ എത്രയത്ര കാര്യങ്ങൾ. ഇതിൽ ഏറ്റവും ഇഷ്ടപ്പെട്ടത് ഏതെന്നും അതിന്റെ കാരണവും പറയാൻ ആവശ്യപ്പെടണം. ടീച്ചർ സ്വന്തം കാഴ്ചപ്പാടും അവതരിപ്പിക്കുന്നത് നല്ലതാണ്. തുടർന്ന് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ചേരേണ്ട വിധം ചേർക്കാൻ കുട്ടികൾക്ക് അവസരം നൽകണം

| | |
|---|---|
| 1. | 4 |
| 2 | 5 |
| 3 | 7 |
| 4 | 6 |
| 5 | 2 |
| 6 | 3 |
| 7 | 1 |

**ഉത്തരം കണ്ടെത്താം**

1. പേജ് 75 ഖണ്ഡിക 3
2. അമ്പതാം ദിവസം
3. പേജ് 76 അവസാന ഖണ്ഡിക
4. പേജ് 77 അവസാന ഖണ്ഡിക
5. പേജ് 78 ഖണ്ഡിക 2
6. പേജ് 78 ഖണ്ഡിക 3

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### എത്ര പേരറിയാം?

കുട്ടികൾക്ക് എത്ര തിരുനാളുകളുടെ പേരറിയാം? ഓരോരുത്തരം എഴുതട്ടെ. 'സ്റ്റാർട്ട്' പറഞ്ഞാൽ എഴുതിത്തുടങ്ങാം. ഏതാനും മിനിട്ടുകൾക്കുശേഷം 'സ്റ്റോപ്പ്' പറയുമ്പോൾ എഴുത്തു നിർത്തണം. ശരിയുത്തരങ്ങൾ കൂടുതൽ എഴുതിയ കുട്ടിക്ക് പോയന്റും സമ്മാനവും നൽകാം. കുട്ടികളെഴുതിയ തിരുനാളുകളെക്കുറിച്ച് വിശദീകരണം നൽക്കാൻ ടീച്ചർ ശ്രദ്ധിക്കണം.

### ശേഖരിക്കാം

തിരുനാളിന്റെ നോട്ടീസ് ശേഖരിക്കാൻ ആവശ്യപ്പെടാം. വൈവിധ്യമാർന്ന നോട്ടീസുകൾ ക്ലാസ്സിലെത്തും. അവ വായിക്കാനും കാണാനും അവസരം നൽകാം. എല്ലാ നോട്ടീസിലും പൊതുവായുള്ള ഘടകം തിരുക്കർമ്മങ്ങളാണെന്ന് വ്യക്തമാക്കണം.



# 12
# ഇസ്രയേലിന്റെ പ്രാർത്ഥനകളും ബലികളും

## I ആമുഖം

പ്രാർത്ഥന, ആരാധന, ബലികൾ, ദൈവാലയം, സാബത്ത് തുടങ്ങിയവയെ സംബന്ധിച്ച കാര്യങ്ങളാണ് ഈ പാഠത്തിന്റെ ഉള്ളടക്കം. ഇസ്രായേൽക്കാർ ഓരോന്നിനും നൽകിയിരുന്ന അർത്ഥമെന്തെന്നും ഇതിൽ വിവരിക്കുന്നു. സഭയിലെ ആചരണങ്ങളെക്കുറിച്ചും ഈ പാഠം പരാമർശിക്കുന്നു. സഭാജീവിതത്തിൽ സജീവമായി പങ്കുചേരാനുള്ള ക്ഷണവും പരിശീലനവുമാണ് ഈ പാഠത്തിലൂടെ കുട്ടികൾക്ക് ലഭിക്കേണ്ടത്.

## I കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ഇസ്രായേൽ ജനം ദൈവശുശ്രൂഷയ്ക്കായി ശനിയാഴ്ച സാബത്തായി ആചരിച്ചു.
- സഭയിൽ ഞായറാഴ്ച സാബത്തായി ആചരിക്കുന്നു.

### b) മനോഭാവം

- ബലിവസ്തുക്കളോടൊപ്പം നമ്മുടെ ഹൃദയങ്ങളെയും നാം ദൈവത്തിനു സമർപ്പിക്കണം
- ഈശോ വസിക്കുന്ന ദൈവാലയത്തിൽ ഭയഭക്തിയോടെ പെരുമാറണം.

### c) ശീലം

- ഞായറാഴ്ച ദിനം പരിശുദ്ധമായി ആചരിക്കാൻ ഞാൻ ശ്രദ്ധിക്കും.

## III. ബോധനോപാധികൾ

സമ്പൂർണ്ണ ബൈബിൾ, വിവിധ ദേവാലയങ്ങളുടെ ചിത്രങ്ങൾ, പ്രാർത്ഥിക്കുന്ന വ്യക്തികളുടെ ചിത്രങ്ങൾ, ചാർട്ടുപേപ്പർ

## IV. പാഠാവതരണം

ആഴ്ചയിൽ ഏറ്റവും ഇഷ്ടപ്പെട്ട ദിവസം ഏതാണ്? എന്താണ തിന് കാരണം? ഞായറാഴ്ച എന്ന ഉത്തരത്തിലേയ്ക്ക് വരത്തക്കവിധം ടീച്ചർ ചർച്ച നയിക്കണം. ഞായറാഴ്ചയുടെ പ്രത്യേകതകൾ ഗ്രൂപ്പു തിരിഞ്ഞ് കണ്ടെത്തി എഴുതാൻ ആവശ്യപ്പെടണം. ഒരു പൊതു അവധി ദിവസം എന്നതിനപ്പുറം ഞായറാഴ്ചയ്ക്കുള്ള പ്രാധാന്യം അവതരിപ്പി ക്കാൻ ടീച്ചർ ശ്രദ്ധിക്കണം. അതിലൂടെ സാബത്ത് എന്ന ആശയം അവതരിപ്പിക്കാം. തുടർന്ന് പാഠത്തിലേയ്ക്ക് വരാം,

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

കണ്ടെത്തി എഴുതാനുള്ള സങ്കീർത്തനഭാഗം എല്ലാ കുട്ടികളും ബുക്കിൽ എഴുതട്ടെ. കൂടാതെ ക്ലാസ്സിൽ പൊതുവായി ചാർട്ടുപേപ്പറിൽ ഇതെഴുതുന്നത് നല്ലതാണ്. സങ്കീർത്തനഭാഗം ക്ലാസ്സിൽ ഉറക്കെ വായിക്കാനും അവസരം നൽകണം.

### ഉത്തരം കണ്ടെത്താം

1. പേജ് 82 ഖണ്ഡിക 3
2. പേജ് 82 ഖണ്ഡിക 4
3. പേജ് 83 ഖണ്ഡിക 3
4. പേജ് 83 ഖണ്ഡിക 4
5. പേജ് 84 അവസാനഖണ്ഡിക

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### കണ്ടെത്തി എഴുതാം

ഇടവകദേവാലയത്തെക്കുറിച്ച് പരമാവധി കാര്യങ്ങൾ കണ്ടെത്തി എഴുതാൻ കുട്ടികളോട് ആവശ്യപ്പെടണം. ഇടവകയുടെ സ്ഥാപിതവർഷം,



ഇടവകമധ്യസ്ഥൻ, പ്രധാന തിരുനാളുകൾ, കുടുംബങ്ങളുടെ എണ്ണം എന്നിങ്ങനെ അറിയേണ്ട കാര്യങ്ങൾ ഏവയെന്ന് കൃത്യമായി നിർദ്ദേശി ക്കുന്നത് നല്ലതാണ്. ഇടവകബുള്ളറ്റിൻ, സുവനീർ തുടങ്ങിയ സഹായക ഗ്രന്ഥങ്ങൾ നൽകുന്നതും അഭികാമ്യം

### നമുക്കു ചെയ്യാൻ

ഞായറാഴ്ച ദിവസം കുട്ടികൾക്കു ചെയ്യാൻ പറ്റിയ കാര്യങ്ങളുടെ ലിസ്റ്റ് ഓരോ ഗ്രൂപ്പിനോടും തയ്യാറാക്കാൻ ആവശ്യപ്പെടുക. അവ ക്ലാസ്സിൽ പൊതുവായി വായിച്ച്, ചർച്ചചെയ്ത് ചില കാര്യങ്ങൾ തീരു മാനിക്കുക. അവ നടപ്പിലാക്കാൻ നിർദ്ദേശിക്കുക. അവ പ്രായോഗിക മാക്കുന്നുണ്ടോയെന്ന് ഇടയ്ക്ക് അന്വേഷിക്കുക. കുട്ടികൾക്ക് ചെയ്യാൻ എളുപ്പമുള്ള കാര്യങ്ങളാകണം ഇങ്ങനെ നൽകേണ്ടത്.

# 13
# ഇസ്രായേലിലെ നേതാക്കന്മാർ

## I. ആമുഖം

ഇസ്രായേൽ ജനത്തെ ഭരിക്കാനും നയിക്കാനുമായി ദൈവം നൽകിയ നേതാക്കന്മാരെക്കുറിച്ചുള്ളതാണ് ഈ പാഠം. രാജാക്കന്മാരും പുരോഹിതന്മാരും ഇക്കൂട്ടത്തിൽപ്പെടുന്നു. ഇസ്രായേൽ ജനതയുടെ ജീവിതത്തിൽ ഈ നേതാക്കന്മാർക്ക് ഉണ്ടായിരുന്ന പ്രാധാന്യവും പ്രാമാണ്യവും ഈ പാഠം വ്യക്തമാക്കുന്നു. സഭയിൽ ഇന്നുള്ള നേതൃത്വത്തെക്കുറിച്ചും വിശദമാക്കുന്നു

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ◆ ഇസ്രായേൽ ജനത്തെ നയിക്കാൻ ദൈവം നേതാക്കന്മാരെ നൽകി
- ◆ സഭയിലും ദൈവം നേതാക്കന്മാരെ നിയോഗിച്ചിട്ടുണ്ട്.

### b) മനോഭാവം

- ◆ ദൈവം നിയോഗിച്ച നേതാക്കന്മാരെ അനുസരിക്കാൻ നാം കടപ്പെട്ടവരാണ്
- ◆ നാമെല്ലാവരും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ സഹകരിക്കേണ്ടവരാണ്.

### c) ശീലം

- ◆ സ്വന്തം കടമകൾ ഞാൻ കൃത്യമായി നിർവ്വഹിക്കും



## III. ബോധനോപാധികൾ

സമ്പൂർണ്ണബൈബിൾ, വിവിധ രാജാക്കന്മാരുടെ ചിത്രങ്ങൾ, മുൾച്ചെടിയുടെ ചിത്രം

## IV. പാഠാവതരണം

ഒരു കഥയിലൂടെ പാഠാവതരണം നടത്താം.

ഒരിക്കൽ വൃക്ഷങ്ങൾ ഒരു രാജാവിനെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. അവർ അത്തിമരത്തെ തെരഞ്ഞെടുത്തു. എന്നാൽ അത്തിമരം താൻ യോഗ്യനല്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. അപ്പോൾ ഒലിവുമരത്തെ തെരഞ്ഞെടുത്തു. ഒലിവുമരവും ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. സമർത്ഥരും നല്ലവരുമായ പല വൃക്ഷങ്ങളും ഇങ്ങനെ രാജാവാകാതെ മാറിനിന്നു. ഒടുവിൽ മുൾമരം രാജാവായി തെരഞ്ഞെടുക്കപ്പെട്ടു. മുൾമരം ഭരണം തുടങ്ങി. എല്ലാ വൃക്ഷങ്ങളെയും മുൾമരം ഞെരുക്കിക്കളഞ്ഞു.

ഈ കഥ വളരെ വിശദമായി അവതരിപ്പിക്കണം. ഉചിതമായ വ്യത്യാസങ്ങൾ വരുത്താം. മുൾമരത്തിനുപകരം പടർന്നുകയറുന്ന മുൾച്ചെടിയോ ഇത്തിൾക്കണ്ണിയോ ആകാം. കഥയുടെ സാരാംശം വ്യക്തമാക്കിയിട്ട് പാഠത്തിലേയ്ക്ക് പ്രവേശിക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ചേരുംപടി ചേർക്കാൻ കുട്ടികൾക്ക് അവസരം നൽകണം.

| | |
|---|---|
| ദാവീദ് | ആദ്യത്തെ രാജാവ് |
| സോളമൻ | അവസാന ന്യായാധിപൻ |
| സാവൂൾ | പുരോഹിതൻ |
| സാമുവൽ | ജ്ഞാനിയായ രാജാവ് |
| അഹറോൻ | ശക്തനായ രാജാവ് |

### ഉത്തരം കണ്ടെത്താം

1. പേജ് 87 ഖണ്ഡിക 2
2. പേജ് 88 അവസാനഖണ്ഡിക

3. പേജ് 90 ഖണ്ഡിക 4
4. മാർപാപ്പ
5. പേജ് 90 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ഗുണങ്ങളെഴുതാം

ഒരു നല്ല നേതാവിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവയെന്ന് ഓരോ ഗ്രൂപ്പും ചർച്ച ചെയ്ത് എഴുതിയവതരിപ്പിക്കാൻ അവസരം നൽകാം.

### ഞാൻ നേതാവായാൽ

ഞാൻ നേതാവായാൽ എന്തു ചെയ്യും എന്ന് വിശദമായി എഴുതാൻ എല്ലാവർക്കും അവസരം നൽകുക. മികച്ചവ തെരഞ്ഞെടുത്ത് ക്ലാസ്സിൽ അവതരിപ്പിക്കുക.



# 14
# ഇസ്രയേലിലെ പ്രവാചകന്മാർ

## I. ആമുഖം

ദൈവത്തിനുവേണ്ടി സംസാരിക്കുന്ന പ്രവാചകന്മാർ ഇസ്രായേലിൽ ഉണ്ടായിരുന്നു. അവരെക്കുറിച്ചും അവരുടെ ദൗത്യങ്ങളെക്കുറിച്ചും വിവരിക്കുന്ന പാഠമാണിത്. ഇസ്രായേൽ ജനതയെ നേരിന്റെ വഴിയേ നയിക്കാൻ പ്രവാചകന്മാർ വഹിച്ച വലിയ പങ്കിനെക്കുറിച്ച് ഈ പാഠം വിവരിക്കുന്നുണ്ട്. സഭയിൽ ഉള്ള പ്രബോധകരെക്കുറിച്ചും ഈ പാഠം അറിവുനൽകുന്നു. ദൈവികസന്ദേശം അവസരിച്ചു ജീവിക്കേണ്ടവരാണ് തങ്ങളെന്ന അവബോധം കുട്ടികളിൽ വളർത്തുവാൻ ഉപകരിക്കുന്നതാണീ പാഠം.

## I. കുട്ടികൾ സ്വന്തമാക്കേണ്ടത്.

### a) ബോദ്ധ്യം

- ദൈവത്തിനുവേണ്ടി സംസാരിക്കുന്നവരാണ് പ്രവാചകന്മാർ
- സഭയെ പഠിപ്പിക്കുന്നവരാണ് സഭാപ്രബോധകർ

### b) മനോഭാവം

- പ്രവാചകന്മാരെ നൽകിയ ദൈവത്തിനു നാം നന്ദിയർപ്പിക്കേണ്ടതാണ്
- സഭാപ്രബോധകരെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ നാം ഗ്രഹിക്കേണ്ടതാണ്.

### c) ശീലം

- സഭാപ്രബോധനങ്ങൾ ഞാൻ അനുസരിക്കും.

## III. ബോധനോപാധികൾ

സഭാപ്രബോധകരുടെ ചിത്രങ്ങൾ, പലതരം പ്രവൃത്തികൾ ചെയ്യുന്ന കുട്ടികളുടെ ചിത്രങ്ങൾ, സമ്പൂർണ്ണ ബൈബിൾ, ചാർട്ടുപേപ്പർ

## IV. പാഠാവതരണം

### ചിത്രവായനയിലൂടെ പാഠം അവതരിപ്പിക്കാം

വിളിക്കിലെ നാളത്തിൽ തൊടാൻ ശ്രമിക്കുന്ന ഒരു കുട്ടി, ആഴമുള്ള കിണറ്റിലേക്ക് എത്തി നോക്കുന്ന കുട്ടി, പുസ്തകം മുമ്പിൽ തുറന്നുവച്ച് ഉറങ്ങുന്ന കുട്ടി– തുടങ്ങിയ ചിത്രങ്ങൾ ടീച്ചർ കൊണ്ടുവരുന്നു. ഓരോന്നായി കുട്ടികളെ കാണിക്കുന്നു. ഇത്തരം സന്ദർഭത്തിൽ കുട്ടിയോട് മാതാപിതാക്കളോ മറ്റു മുതിർന്നവരോ എന്നായിരിക്കും പറയുന്നത്? ഊഹിച്ചുപറയാൻ കുട്ടികൾക്ക് അവസരം നൽകണം. കുട്ടികളെ നേർവഴിക്കു നയിക്കാൻ വേണ്ടിയാണ് ഇങ്ങനെ പറയുന്നതെന്ന് ടീച്ചർ വിശദീകരിക്കണം. ഇപ്രകാരം ഇസ്രായേൽക്കാരെ നയിച്ച പ്രവാചകരെക്കുറിച്ച് പറഞ്ഞ് പാഠത്തിലേയ്ക്ക് കടക്കാം.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

പ്രവാചകന്മാരുടെ പേരുകൾ എഴുതാൻ കുട്ടികളെ സഹായിക്കാം. അവ വലിയെ ചാർട്ട് പേപ്പറിൽ എഴുതി ക്ലാസ്സിൽ സ്ഥാപിക്കാം. കുട്ടികളെ ഗ്രൂപ്പുതിരിക്കുമ്പോൾ പ്രവാചകന്മാരുടെ പേരുകൾ ഗ്രൂപ്പുകൾക്കു നൽകാം.

### ഉത്തരം കണ്ടെത്താം

1. പേജ് 93 ഖണ്ഡിക 1
2. പേജ് 93 ഖണ്ഡിക 2
3. പേജ് 96 ഖണ്ഡിക 2
4. പേജ് 96 ഖണ്ഡിക 3
5. പേജ് 96 ഖണ്ഡിക 4



## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### വചനമെഴുതാം

ഓരോ പ്രവാചകനും പറഞ്ഞിട്ടുള്ളതിൽ നിന്ന് ഓരോ കുട്ടിക്കും ഏറ്റവും ഇഷ്ടപ്പെട്ട വചനം എഴുതാൻ അവസരം നൽകുക

### ഇവരെ തിരിച്ചറിയാം

വിവിധ സഭാപ്രബോധകരുടെ ചിത്രങ്ങൾ കുട്ടികളെ കാണിക്കുക. അവ തിരിച്ചറിഞ്ഞ് പേർ എഴുതിവയ്ക്കാൻ ആവശ്യപ്പെടാം. ഗ്രൂപ്പുതലത്തിലോ വ്യക്തിപരമായോ ഈ പ്രവർത്തനം നൽകാം. കുട്ടികൾ തിരിച്ചറിയാത്തവരെ ടീച്ചർ പരിചയപ്പെടുത്തണം.

# 15

# മിശിഹായെക്കുറിച്ചുള്ള വാഗ്ദാനങ്ങളും പ്രവചനങ്ങളും

## I. ആമുഖം

ദൈവപുത്രനും ലോകരക്ഷകനുമായ മിശിഹായെക്കുറിച്ച് ഉണ്ടായിട്ടുള്ള വാഗ്ദാനങ്ങളും പ്രവാചക വചനങ്ങളുമാണ് ഈ പാഠത്തിന്റെ ഉള്ളടക്കം. ഈശോയുടെ പ്രാധാന്യം ലോകത്തിലും ചരിത്രത്തിലും എത്രമാത്രമുണ്ടെന്ന് ഈ പാഠം വ്യക്തമാക്കുന്നു. പഴയനിയമത്തിന്റെ തുടർച്ചയായി പുതിയനിയമം ഉടലെടുക്കുന്നത് ഈശോയിലൂടെയാണ്. ഈ പശ്ചാത്തലത്തിൽ ഈ അവസാനപാഠത്തിന് പ്രത്യേക പ്രസക്തിയുണ്ട്. പ്രവചനങ്ങളുടെ പൂർത്തീകരണമായ ഈശോയെക്കുറിച്ച് കൂടുതലറിയാൻ താല്പര്യം ജനിപ്പിക്കുകയെന്നതും ഈ പാഠത്തിന്റെ ലക്ഷ്യമാണ്.

## II. കുട്ടികൾ സ്വന്തമാക്കേണ്ടത്

### a) ബോദ്ധ്യം

- ഈശോയെ രക്ഷകനായി ലോകത്തിനു നൽകുമെന്ന പ്രവചനങ്ങൾ ഉണ്ടായി.
- പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈശോ.

### b) മനോഭാവം

- നമുക്കായി രക്ഷകനെ നൽകിയ ദൈവത്തെ നാം സ്തുതിക്കണം.
- ലോകരക്ഷകനായ ഈശോയെക്കുറിച്ച് നാം മറ്റുള്ളവരോട് പറയാൻ കടപ്പെട്ടവരാണ്.

### c) ശീലം

- ഈശോയെ ഞാൻ എന്റെ കൂട്ടുകാർക്ക് പരിചയപ്പെടുത്തും



## III. ബോധനോപാധികൾ

സമ്പൂർണ്ണബൈബിൾ, ഈശോയുടെ പലതരം ചിത്രങ്ങൾ, മഹാന്മാരുടെയും വിശുദ്ധരുടെയും ചിത്രങ്ങൾ.

## IV. പാഠാവതരണം

ഏതാനും മഹാന്മാരുടെയും വിശുദ്ധരുടെയും ഈശോയുടെയും ചിത്രങ്ങൾ കുട്ടികളെ കാണിക്കുന്നു. അവരുടെ പേരുകൾ പറയാൻ അവസരം നൽകുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി ആരെന്ന് ചോദിക്കുന്നു. ഈശോയെന്ന് ഉത്തരം കിട്ടിക്കഴിയുമ്പോൾ അതിന്റെ കാരണം തിരക്കുന്നു. കുട്ടികൾ പറഞ്ഞതിനെ വിശദീകരിച്ചുകൊണ്ട് ടീച്ചർ പാഠത്തിലേയ്ക്ക് പ്രവേശിക്കുന്നു.

## V. പാഠബന്ധിത പ്രവർത്തനങ്ങൾ

### നമുക്കു പ്രവർത്തിക്കാം

ക്രിസ്തുമസ് കാർഡ് നിർമ്മിക്കാൻ അവസരം നൽകാം. അതിന് അവരെ സഹായിക്കണം. ഈശോയുള്ള ചിത്രം വേണം. നല്ല ആശംസാവാക്യങ്ങളും ഉണ്ടാവണം. നറുക്കിട്ട് കൂട്ടുകാരെ കണ്ടെത്തി, തയ്യാറാക്കിയ കാർഡ് പരസ്പരം കൈമാറുകയും ചെയ്യാം.

### ഉത്തരം കണ്ടെത്താം

1. അഭിഷിക്തൻ
2. ഇമ്മാനുവേൽ പ്രവചനം
3. ഈശോയുടെ ജനനത്തോടെ
4. പേജ് 101. ഖണ്ഡിക 4
5. പേജ് 102 ഖണ്ഡിക 2

## VI. അനുബന്ധിത പ്രവർത്തനങ്ങൾ

### ചിത്രം ശേഖരിക്കാം

ഈശോയുടെ പലതരം ചിത്രങ്ങളുണ്ട്. പുൽക്കൂട്ടിലെ ഉണ്ണീശോ, ബാലനായ ഈശോ, യുവാവായ ഈശോ, കുട്ടികളുടെ ഒപ്പമിരിക്കുന്ന ഈശോ, കഴുതപ്പുറത്തിരിക്കുന്ന ഈശോ, പ്രസംഗിക്കുന്ന ഈശോ,

ആട്ടിൻകുട്ടിയെ തോളിൽ വഹിക്കുന്ന ഈശോ, വാതിലിൽ മുട്ടുന്ന ഈശോ, കുരിശുചുമക്കുന്ന ഈശോ, കുരിശിൽ കിടക്കുന്ന ഈശോ, ഉയിർത്തെഴുന്നേറ്റ ഈശോ, ക്രിസ്തുരാജൻ തുടങ്ങിയ എത്രയോ ചിത്രങ്ങളുണ്ട്. കുട്ടികൾ അവർക്ക് കിട്ടുന്നിടത്തോളും ചിത്രങ്ങൾ കൊണ്ടുവരട്ടെ. അവയുടെ ഒരു പ്രദർശനം ക്ലാസ്സിൽ നടത്താം. അതു കാണാൻ മറ്റു ക്ലാസ്സിലെ കുട്ടികളെയും അധ്യാപകരെയും ക്ഷണിക്കുകയും ചെയ്യാം.

### വചനമെഴുതാം

ഓരോ കുട്ടിയും അവരവർക്ക് ഇഷ്ടപ്പെട്ട, ഈശോ പറഞ്ഞ മൂന്നു വചനങ്ങൾ വീതം എഴുതട്ടെ. അവ ക്ലാസ്സിൽ പൊതുവായി വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകണം. ആ വചനങ്ങൾ മനോഹര മായി എഴുതി ക്ലാസ്സ് അലങ്കരിക്കാം.